വേദാഭിമാനി

13th YEAR

Vol.13 No.9 കാർത്തികപ്പള്ളി R.No. 7361/02 2013 SEPTEMBER

വേദപുസ്തക സത്യത്തിലേക്ക് ഒരു ജാലകം : സത്യത്തിന് സാക്ഷി

e-paper : vedabhimani

എലിസബത്തിന് കമ്പം നീന്തൽ

നീന്തലറിയാതെ കൗമാരം കാണാക്കയത്തിൽ മുങ്ങിമറയുന്നതു കരയ്ക്കു നിന്നു നിസഹായതയോടെ കാണാനും മൊബൈലിൽ പകർത്താനും വിധിക്കപ്പെട്ട വർക്കായി ഒരു കുഞ്ഞു നീന്തൽതാരത്തിന്റെ ആവേശജനകമായ വിശേഷങ്ങൾ. ജലവിതാനങ്ങളെ കീഴ്പ്പെടുത്തി പതിനാറു മാസം പ്രായമുള്ള എലിസബത്ത് എന്ന പെൺകുഞ്ഞിന്റെ നീന്തൽപ്രകടനം യൂട്യൂബിൽ ഹിറ്റാകുന്നു. സമാനപ്രായത്തിലുള്ളവർ ഓടിക്കളിക്കാനോ കളിപ്പാട്ടങ്ങൾക്കു പിന്നാലെ ചുറ്റിത്തിരിയാനോ താല്പര്യപ്പെടുമ്പോൾ എലിസബത്തിനു കമ്പം നീന്തൽ. സഹായസംവിധാനങ്ങളില്ലാതെ ഇവൾ അനായാസം നീന്തിത്തുടിക്കുന്നു. മുഖം ജലത്തിലേക്കാഴ്ത്തി നിർഭയയായി അവൾ ജലസമതലങ്ങൾ കീഴ്പ്പെടുത്തുന്നു. ശ്വാസമെടുക്കുവാൻ മാത്രം പുറംതിരിഞ്ഞു ജലോപരിതലത്തിലേക്കു ശിരസുയർത്തുന്നു. മിക്കപ്പോഴും ഒറ്റശ്വാസത്തിൽ കുളത്തിനു കുറുകെ നീന്തി കാണികളെ വിസ്മിതമാനസരാക്കുന്നു.

വയസ് 4; ജോലി മേയർ

പ്രായം നാലാണെങ്കിലും നാല്പതുകാരന്റെ ജോലിയാണ് അമേരിക്കൻ സ്വദേശിയായ ബോബി ടഫ്സിന്. അമേരിക്കൻ സംസ്ഥാനമായ മിനസോട്ടയിൽ ഡോർസെറ്റ് കൗണ്ടിയുടെ മേയറാണ് ബോബി. മൂന്നു വയസ്സുള്ളപ്പോഴായിരുന്നു ബോബി ആദ്യമായി മേയറാകുന്നത്.

എല്ലാ വർഷവും ഡോർസെറ്റിൽ നടക്കാറുള്ള ഫുഡ്ഫെസ്റ്റിവലിന്റെ ഭാഗമായാണ് ഇവിടെ മേയറെ തെരഞ്ഞെടുക്കുന്നത്. ഫെസ്റ്റിവലിൽ പങ്കെടുക്കുന്ന ആളുകൾ തങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ആളുടെ പേരെഴുതി ഒരു പെട്ടിയിൽ നിക്ഷേപിക്കുന്നു. ഏറ്റവും കൂടുതൽ വോട്ട് ലഭിക്കുന്ന ആൾ ഒരു വർഷത്തേക്ക് ഡോർസെറ്റിന്റെ മേയറായിരിക്കും. വോട്ട് വെറുതെയങ്ങ് ചെയ്യാൻ പറ്റില്ല കേട്ടോ... ഒരാൾ വോട്ട് ചെയ്യണമെങ്കിൽ ഒരു ഡോളർ ഫീസ് ആയി അടയ്ക്കണം.

ഉറക്കം വന്നാൽ

ഉറക്കംവന്നു കൺപോളകളെ തഴുകിയപ്പോൾ അറിയാതെ തന്റെ മുന്നിലെ കംപ്യൂട്ടറിലെ കീബോർഡിലേക്ക് തല ചാരിപ്പോയതായിരുന്നു ആ പാവം ബാങ്ക് ഉദ്യോഗസ്ഥൻ. മിനിറ്റുകൾ മാത്രമാണ് ആ ഉറക്കം നീണ്ടത്. പക്ഷെ, ഇതിനിടെ കോടികൾ ഒരു ബാങ്ക് അക്കൗണ്ടിൽ നിന്ന് ആരുമറിയാതെ മറ്റൊരു അക്കൗണ്ടിലേക്ക് ഒഴുകിപ്പോയിരുന്നു.

സംഭവം നടന്നത് ജർമനിയിലെ ഹെസൻ സംസ്ഥാനത്താണ്. കംപ്യൂട്ടർ മോണിട്ടറിന്റെയും കീബോർഡിന്റെയും ഇടയിലിരുന്ന് തുടർച്ചയായി ജോലി ചെയ്തു ക്ഷീണം വന്നപ്പോഴാണു കണ്ണിൽ ഉറക്കം വന്നതും തല കീബോർഡിലേക്ക് ചാഞ്ഞു പോയതും. ഉറക്കമായിരുന്നെങ്കിലും തല കൃത്യമായി തന്നെ പ്രവർത്തിച്ചു.

തല ചെന്ന് നിന്നത് കംപ്യൂട്ടർ കീബോർഡിലെ രണ്ട് എന്ന അക്കത്തിലാണ്. 11 തവണ കീബോർഡിലെ രണ്ട് എന്ന അക്കം താഴ്ന്നു പതിഞ്ഞപ്പോൾ ഒരു അക്കൗണ്ടിൽ നിന്ന് മറ്റൊരു അക്കൗണ്ടിലേക്ക് മറിഞ്ഞത് 222,222,222.22 യൂറോയാണ് (ഏകദേശം 1717093810846.7112 ഇന്ത്യൻ രൂപ). ഇത്രയധികം തുക മറ്റൊരു അക്കൗണ്ടിലേക്ക് മാറ്റിയതിനെക്കുറിച്ച് അന്വേഷണം വരികയും ബാങ്ക് ഉദ്യോഗസ്ഥൻ കോടതി കയറുകയും ചെയ്തു.

രാത്രിയില്ലാത്ത സ്വപ്നനഗരം

അരക്കിലോമീറ്റർ നീളം, 400 മീറ്റർ വീതി, 100 മീറ്റർ ഉയരം. ലോകത്തിലെ ഏറ്റവും വിസ്താരമുള്ള കെട്ടിടം തയാറാക്കി കാത്തിരിക്കുകയാണു ചൈന. സ്വപ്ന നഗരത്തിൽ രാത്രി ഉണ്ടാകില്ല.

വെളിച്ചം നൽകാൻ കൃത്രിമ സൂര്യനെ ഒരുക്കിയിട്ടുണ്ട്. കാലാവസ്ഥയും ഉപയോക്താക്കൾ തീരുമാനിക്കും. സിചുവാൻ പ്രവിശ്യയിലെ ചെങ്ദുവിലാണു ചൈന ന്യൂ സെഞ്ചുറി ഗ്ലോബൽ സെന്റർ ഒരുക്കിയത്.

നൂറു മീറ്റർ ഉയരത്തിൽ സ്ഥാപിച്ച ഗ്ലാസ് മേൽക്കൂരയാണു കെട്ടിടത്തിനുള്ളത്. സമയത്തെയും കാലാവസ്ഥയേയും ആശ്രയിക്കാതെ സ്വാതന്ത്ര്യം തേടുന്നവർക്കു തങ്ങൾ സ്വാഗതം അരുളുകയാണെന്നാണു ചൈനീസ് സർക്കാരിന്റെ പ്രഖ്യാപനം.

വയറിന്റെ രഹസ്യം!

ലോകത്തെ ഏറ്റവും ചെറിയ റിപ്പബ്ലിക്കൻ പ്രദേശമാണ് നൗറു. റിപ്പബ്ലിക്ക് ആകും മുൻപ് ഇവിടുത്തെ ജനങ്ങൾ മീൻപിടിച്ചും അല്ലറചില്ലറ കൃഷിപ്പണികൾ ചെയ്തുമാണ് ജീവിച്ചിരുന്നത്. സാധാരണക്കാരുടെ ശരീരപ്രകൃതിയുമായിരുന്നു ഇവർക്ക്.

പിന്നീടാണ് കാര്യങ്ങൾ മാറിമറിഞ്ഞത്. ധാരാളം ഫോസ്ഫേറ്റ് നിക്ഷേപമുള്ള പ്രദേശമാണ് നൗറു എന്ന് കണ്ടെത്തി. അതോടെ നൗറുവിലെ സർക്കാർ വൻതോതിൽ ഫോസ്ഫേറ്റ് ഖനനം ആരംഭിച്ചു. ഇതിൽ നിന്നു കിട്ടിയ ലാഭം സർക്കാർ നൗറുവിലെ സാധാരണക്കാർക്ക് വീതിച്ചു കൊടുത്തു.

ചുമ്മാതിരുന്നാൽ കാശ് കിട്ടുകയില്ലേ. പിന്നെന്തിന് പണി ചെയ്യണം. അതോടെ അധ്വാനിച്ച് ജീവിക്കുന്ന പണി ഈ നാട്ടുകാർ ഉപേക്ഷിച്ചു. വെറുതെയിരുന്ന് തിന്നുക മാത്രമായി പിന്നെത്തെ ഹോബി.

വറുത്ത കോഴിയും കോളയുമാണ് നൗറുക്കാരുടെ ഇഷ്ടഭക്ഷണം. കടകളിലും മറ്റും ഏറ്റവും കൂടുതൽ ചെലവും അതിനുതന്നെ. ജനസംഖ്യയുടെ 90 ശതമാനം പേരും തൊഴിൽ ഇല്ലാത്തവരാണ്. ഉള്ള ഏക പണി ഫുൾടൈം തീറ്റയാണ്! വെറുതെ ഇരുന്ന് ടി.വി. കാണുന്നതിനിടെ ഏകദേശം രണ്ട് ദിവസത്തേക്കുള്ള ആഹാരം ഒരു ഉച്ച നേരം കൊണ്ട് ഇവർ കഴിച്ചു തീർക്കും. പിന്നെങ്ങനെ തടി വരാതിരിക്കും? പക്ഷേ, നൗറുവിലെ ജനങ്ങൾ അതിൽ ദുഃഖിതരൊന്നുമല്ല കേട്ടോ. ഇങ്ങനെയൊക്കെ തന്നെ മുന്നോട്ടു പോയാൽ മതിയെന്ന ഉള്ളിലിരിപ്പാണ് ഭൂരിപക്ഷം പേർക്കും.

ചിതൽപുറ്റിനുള്ളിൽ

ഇറാനിലെ കണ്ടോവൻ എന്ന ഗ്രാമത്തിൽ ചെന്നാൽ ആരുമൊന്ന് അന്തംവിടും. കാരണം, അവിടെ വീടുകളൊന്നും ഇല്ല. പകരം നിരനിരയായി ഉയർന്നു നിൽക്കുന്ന ചിതൽപ്പുറ്റുകൾ മാത്രമേയുള്ളൂ! പക്ഷേ, ചിതൽപ്പുറ്റുകൾക്കുള്ളിൽ താമസിക്കുന്നത് ചിതലുകളല്ല മനുഷ്യരാണ് എന്നു മാത്രം!

എഴുന്നൂറ് വർഷങ്ങൾക്കു മുമ്പ് മംഗോൾ ആക്രമണത്തിൽ നിന്നും രക്ഷപ്പെടാനാണ് ഗ്രാമവാസികൾ ചിതൽപ്പുറ്റുപോലുള്ള വീടുകൾ നിർമ്മിച്ച് തുടങ്ങിയത്.

ഹോം ഓഫീസ്

എമ്പറർ 200 എന്നാണു ആദ്യ 'ഹോം ഓഫീസ്' യന്ത്രത്തിന്റെ പേര്. ഹോളിവുഡ് ചലച്ചിത്രങ്ങളെ അനുസ്മരിപ്പിക്കുന്നതാണു രൂപം. 27 ഇഞ്ച് എൽ. ഇ.ഡി. സ്ക്രീനും മറ്റ് ഉപകരണങ്ങളും ചേർന്ന സംവിധാനത്തിന് 30,000 ഡോളറാണു വില.

കാനഡയിലെ എം.ഡബ്ല്യു ഇ ലാബാണ് ഉപകരണം തയാറാക്കിയിരിക്കുന്നത്. മൈക്രോസോഫ്റ്റ് കോർപറേഷനും അമേരിക്കൻ മറീൻ കോർപ്സും ഉപയോക്താക്കളുടെ പട്ടികയിലുണ്ട്.

ജിറാഫ് ഹോട്ടൽ

ജിറാഫുകളോടൊത്ത് ഒരു നേരം ഫുഡ് അടിക്കാൻ ആഗ്രഹം ഉണ്ടോ? എങ്കിൽ നെയ്റോബിയിലെ ജിറാഫ് മേനർ ഹോട്ടലിൽ ചെന്നോളൂ. ഹോട്ടലിൽ എത്തുന്നവരെ രസിപ്പിക്കാൻ ജിറാഫന്മാർ റെഡി. കഴിക്കുന്നതിൽ ഒരു പങ്ക് ഇവർക്ക് കൂടി കൊടുത്താൽ മതി.

നെയ്റോബിയിലെ ജിറാഫ് സാങ്ചുറിക്ക് അടുത്താണ് ഈ ഹോട്ടൽ. അങ്ങനെയാണ് ഇവർ ഹോട്ടലിലെ പതിവുകാരായത്.

കാണാകാഴ്ചകൾ

കാഴ്ചയുടെയും കാണിക്കലിന്റെയും ലോകത്താണ് നാം. എന്തു കാണുന്നു, എന്തു കാണിക്കുന്നു എന്നതും പ്രധാനമാണ്. ആകാത്തത് കാണാതെയും കേൾക്കാതെയും കണ്ണടയ്ക്കാനും കാതടയ്ക്കാനും പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും വേണമെന്നു നമുക്കു ബോധ്യമുണ്ടോ? യൂളീസിസ് തന്റെ കപ്പൽ യാത്രയിൽ സൈറനുകളുടെ വശീകരണത്തിൽ നിന്നു രക്ഷപ്പെടാൻ തുഴക്കാരുടെ ചെവികളിൽ മെഴുകു വച്ചതു കാലഹരണപ്പെടാത്ത ഇതിഹാസ പാഠമാണ്. ഏതു സ്ത്രീയും പുരുഷനും പുറത്തിറങ്ങുമ്പോൾ കാണപ്പെടുന്നു, നോക്കുന്നു. എങ്ങനെ കാണപ്പെടണം എന്ന ചിന്തയുള്ളതുകൊണ്ടാണ് നാം കണ്ണാടി നോക്കുന്നത്. വസ്ത്രധാരണത്തിലും ചമയങ്ങളിലും നാം ശ്രദ്ധിക്കുന്നതു സുന്ദരമായി കാണപ്പെടണം എന്നതിന്റെ പേരിലാണ്. ആധുനിക വസ്ത്രധാരണ രീതികളും ഫാഷനുകളും നല്ലതുതന്നെ. പക്ഷെ, ഞാൻ എന്തായി എന്നെത്തന്നെ കാണിക്കുന്നു എന്ന ചോദ്യം ഓരോരുത്തരും സ്വയം ഉന്നയിക്കണം. ചന്തയിലെ അനേകം മോഹവസ്തുക്കളിൽ ഒന്നാകാനാണോ ഞാൻ മത്സരിക്കുന്നത്? കമ്പോള മനോഭാവത്തിന്റെ ചരക്കാക്കൽ (Commodfication) നടപടിയെക്കുറിച്ചു മാർക്സ് പറഞ്ഞിട്ടുള്ളതു ഇപ്പോൾ നമ്മുടെ നാട്ടിൽ മനുഷ്യസമൂഹത്തിൽ നടക്കുന്നു എന്നു തിരിച്ചറിയണം. മനുഷ്യബന്ധങ്ങളെ കമ്പോള ബന്ധങ്ങളാക്കുന്നു. ലൈംഗികതയെയും വിവാഹത്തെയും കച്ചവടമാക്കുമ്പോൾ മനുഷ്യവ്യക്തി സ്വയം നശിക്കുന്നു. കാണിക്കൽ സംസ്കാരത്തിൽ മനുഷ്യന്റെ വിലയിടിയുന്നു. സൗന്ദര്യം തൊലിപ്പുറത്തുമാത്രം പോരല്ലോ. അകത്തിന്റെ സൗന്ദര്യം പെരുമാറ്റത്തിലും ഭാഷണത്തിലും പ്രകടമാകുന്ന ആത്മാവിന്റെ സൗന്ദര്യമാണ്.

ആത്മനിയന്ത്രണം കൈവെടിഞ്ഞ ഒരു സംസ്കാരവും നിലനിൽക്കില്ല. 10 നീതിമാന്മാർപോലുമില്ലാത്ത സോദാം ഗോമോറകളുടെ കഥ ആവർത്തിക്കപ്പെടും. 150 ദിവസങ്ങൾ ഏകനായി ഒരു ബോട്ടിൽ കടലുകൾ താണ്ടി ഭൂഗോളം ചുറ്റി വന്ന അഭിലാഷ് ടോമിയെ മലയാളികൾക്കറിയാം. മറ്റാരോടും സംസാരിക്കാനില്ലാതെ ഏകനായി സാഹസജീവിതത്തിന്റെ ഇതിഹാസം സൃഷ്ടിക്കാൻ മനുഷ്യന് കഴിയും. അതിനു സുനിശ്ചിതമായ ലക്ഷ്യബോധവും ആ ലക്ഷ്യത്തിനായി എല്ലാ വികാരവിചാരാദികളേയും ഏക കേന്ദ്രത്തിൽ ഉറപ്പിക്കുന്ന അച്ചടക്കവുമുള്ളവന് ഇതും ഇതിലപ്പുറവും സാധിക്കും.

മനുഷ്യന്റെ കാമം എങ്ങനെ സർഗശേഷിയായി ഉപയോഗിക്കാം എന്നാണു മനുഷ്യൻ പഠിക്കേണ്ടത്. കാമം തീയാണ്. പക്ഷെ, ഈ അഗ്നി ഹോമം ചെയ്തു ഉപയോഗിക്കാൻ അഭ്യസിക്കാത്തവരെ അതു കത്തിക്കും. പണ്ട് ഹെരാക്ലീറ്റസ് പറഞ്ഞതുപോലെ മുകളിലേക്കും താഴേക്കും രണ്ടു വഴികളല്ല, ഒറ്റ വഴിയാണ്. തല്ലുന്ന കൈകൊണ്ടാണ് തലോടുന്നത്. സൃഷ്ടിയുടെ ഊർജവും സംഹാരത്തിന്റെ ശക്തിയും രണ്ടല്ല, ഒന്നാണ്. വൈരത്തിന്റെ ശക്തിയും സ്നേഹത്തിന്റെ കഴിവും ഒന്നുതന്നെ. ഈ ഊർജം തീയാണ്. തീ കൊണ്ട് എന്തും പാകം ചെയ്യാം. പക്ഷെ, തീകൊണ്ട് കളിച്ചാൽ അതു തീക്കളിയാകും. ഇന്നു സമൂഹത്തിൽ കാണുന്ന പല പ്രളയത്തിന്റെ അടിയിലും ഈ തീയുണ്ട്. മനുഷ്യൻ ഓടിക്കുന്ന എല്ലാ വണ്ടികളിലും തീയാണ്. മോട്ടോർ സൈക്കിൾ മുതൽ വിമാനം വരെ.പക്ഷെ, അവിടെയൊക്കെ തീ പെട്ടിക്കുള്ളിലാണ് - നിയന്ത്രിത ജ്വലനമാണ്. തീ തീപ്പെട്ടിയിലാക്കുന്നതാണ് സംസ്കാരം, വിദ്യ. തീയെ വിലക്കുകളും പൂട്ടുകളുമില്ലാത്ത പ്രളയവാഹിനിയാക്കണോ? ലൈംഗികത സർഗാത്മക സ്നേഹത്തിന്റെ ശക്തിയാകുന്നതുപോലെ വൈരം സംഹാരശക്തിയാകും.

ലൈംഗികത എന്നിൽ നിന്ന് ഞാൻ പുറത്തു കടക്കാനുള്ള വികാരമാണ്, മനുഷ്യ ബന്ധത്തിന്റെ മാംസള ശക്തി. പുറത്തേക്കുള്ള പാലം പണിയുന്ന ഈ വികാരം പ്രേമമായും, സ്നേഹമായും വിടരും. അതുതന്നെ വെറും കാമമായും ഹിംസയായും നശിക്കുകയും ചെയ്യും. ഈ നിയന്ത്രണം പോലീസിനും നാട്ടുകാർക്കും വിട്ടാൽ വാസം ജയിലിലാകും. അതു സ്വതന്ത്രമായി ആത്മബലത്തിൽ സ്വയം നടത്തേണ്ട അച്ചടക്കമാണ്.

സീതമാർക്ക് ലക്ഷ്മണന്മാർ വട്ടം വരയ്ക്കുന്ന കാലം കഴിഞ്ഞു. അതു പുരുഷാധിപത്യത്തിൽ സ്ത്രീയെ തളയ്ക്കുന്ന പണിയാണ്. സീതമാർ തങ്ങൾക്ക് വട്ടം വരയ്ക്കാൻ പഠിക്കട്ടെ. ജനിച്ചുവീഴുന്ന കുഞ്ഞ് ഈ പകയതയുമായിട്ടല്ല ജനിക്കുന്നത്. ജീവിച്ചാണ് അതു അഭ്യസിക്കുന്നത്. അതിൽ മാതാപിതാക്കൾക്കും വലിയ ഉത്തരവാദിത്വമുണ്ട്. അച്ഛനമ്മമാർ കുട്ടികളെ കാക ദൃഷ്ടിയോടെ കാത്തുരക്ഷിക്കണം. അതവർ പഠിപ്പിക്കേണ്ടതു പകയതയുടെ ജീവിതം കൊണ്ടുതന്നെയാണ്. മുന്നോട്ട് നടക്കുന്ന നല്ല പാഠങ്ങൾ ഞണ്ടിനെപ്പോലെ അഭ്യസിക്കുന്നവരാകരുതല്ലോ. കുട്ടികളെ ഫോണുകൾ, കമ്പ്യൂട്ടറുകൾ, മറ്റ് മാധ്യമങ്ങൾ ഇവ ഉപയോഗിക്കാനുള്ള പകയത പരിശീലിപ്പിക്കണം. അവിടെ സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും ഭാഷയല്ലാതെ പോലീസ് മുറകൾ വിരുദ്ധ ഫലം ഉണ്ടാക്കും.

ലൈംഗികതയുടെ ഉഷ്ണക്കാറ്റ് പ്രായ, ലിംഗ ഭേദമന്യേ സമൂഹത്തെ ഗ്രസിക്കുകയാണ്. നമുക്ക് പരിചിതമല്ലാതിരുന്ന ഈ കാറ്റ് ദിശയില്ലാതെ ചുറ്റിത്തിരിഞ്ഞ് നാശമുണ്ടാക്കുന്ന കാഴ്ചയാണ് ചുറ്റും. ലൈംഗിക പീഡനമല്ല, ലൈംഗിക ആക്രമണത്തിലേക്ക് സ്ഥിതി ഗതിമാറുന്നു. മാതൃകാപുരുഷരെന്നു കരുതുന്നവർപോലും ഈ കാറ്റിൽ കടപുഴകുന്നതു കാണാം.

സൂര്യൻ അസ്തമിച്ചാൽ ആധ്യനും അനാധ്യനും ഒന്നാകുന്ന വാർത്തകളാണ് എല്ലായിടത്തും. കൊച്ചുകുട്ടികളെവരെ ലൈംഗികമായി പീഡിപ്പിച്ചു കൊന്നുകളയുന്നതും ഭയപ്പെടുത്തുന്നതുമായ ക്രൂരത സംസ്കാരത്തെ വിഴുങ്ങുന്നു. മലയാളികളുടെ സംസ്കാരത്തെ ദൃശ്യമാധ്യമങ്ങളും അതിന്റെ വൃത്തികെട്ട കൗശലങ്ങളും മലീമസമാക്കുന്നു. വളരെ വ്യക്തമായ embedded journalism ഇതിന്റെ പിന്നിലുണ്ട്.

കുറേ നാളുകൾ മുമ്പ് ഒരു പുരുഷനും സ്ത്രീയും കൂടി ലൈംഗീക വേഴ്ച നടത്തി, വേഴ്ചയ്ക്കു മുമ്പ് അയാൾ കൊടുത്ത വാഗ്ദാനങ്ങൾ ഒന്നും പാലിച്ചില്ല, അതുകൊണ്ട് അയാൾക്കെതിരേ നടപടി സ്വീകരിക്കണമെന്ന്, സ്വയമെടുത്ത സ്വന്തം വേഴ്ചയുടെ സി.ഡി. ദൃശ്യങ്ങൾ സഹിതം സ്ത്രീ പോലീസ് സ്റ്റേഷനിൽ പരാതിപ്പെട്ടാൽ ഉടൻ ഈ സ.ഡി. ദൃശ്യങ്ങൾ ചാനലുകളിൽ കാണിച്ചുകൊണ്ട്, ഈ പരാതിയുടെ വാർത്ത ലോകമെങ്ങും പ്രദർശിപ്പിക്കുക, നമ്മുടെ സംസ്ഥാനത്തല്ലാതെ, ലോകത്തിൽ മറ്റൊരിടത്തും നടക്കുമെന്ന് തോന്നുന്നില്ല. ആ സ്ത്രീയുടെ പരാതി പ്രകാരം സംഭവിച്ചിട്ടില്ലെങ്കിൽ, ഈ ദൃശ്യങ്ങൾ കാണിച്ചതിന് എന്തു സമാധാനം (ആര്) പറയും? ഞങ്ങൾ വേഴ്ച നടത്തിയെന്നോ എന്നെ ബലാൽസംഗം ചെയ്തുവെന്നോ പീഡിപ്പിച്ചെന്നോ ഒരു സ്ത്രീ പറഞ്ഞാൽ ആ സീനുകളുടെ ദൃശ്യമില്ലാതെ അതു മനസിലാക്കാൻ വാർത്ത കേൾക്കുന്നവർക്ക് കഴിയുകയില്ലേ? ഇതൊരു സിനിമയിലെ 'ലൗസീൻ' കാണുന്നതുപോലെയോ കാണിക്കുന്നതുപോലെയോ ആണോ? വീടുകളിൽ കുടുംബസമേതം അനുദിന വാർത്ത കേൾക്കുന്ന സാധാരണ ജനങ്ങൾ ഈ ദൃശ്യങ്ങളെ എങ്ങനെ അഭിമുഖീകരിക്കും? മണിക്കൂറുകൾ ഈ വൃത്തികെട്ട രംഗങ്ങൾ ചാനലുകൾ വിളമ്പിയിട്ടും അതിൽ മറുത്തൊരു അഭിപ്രായം പറയാൻ ആരുമുണ്ടാവാത്ത ഒരു രാജ്യം നമ്മുടേതു മാത്രമായിരിക്കും. കേരള സമൂഹത്തിന്റെ പ്രതികരണസ്വഭാവം ഇത്രമേൽ വികലമായ സ്ഥിതിയിൽ എത്തിയിരിക്കുന്നത് വലിയ ആപത് സൂചനയാണ്.

കേരളത്തിലെ ദൃശ്യമാധ്യമങ്ങൾ അഴുക്ക് ചാലിൽ ഒഴുകുകയാണ്. ബ്രിട്ടണിലും മറ്റും ലൈംഗിക ആരോപണങ്ങൾ വരുമ്പോൾ ലൈംഗിക രംഗങ്ങൾ മാധ്യമങ്ങളിൽ കാട്ടാതിരിക്കാനുള്ള കരുതൽ അവർക്കുണ്ടായിരുന്നു. അവിടത്തെ പൾപ്പ് ചാനലുകളെക്കാൾ തറയാകാൻ മലയാള ചാനലുകൾക്ക് കഴിഞ്ഞു. സാമൂഹ്യ ഉത്തരവാദിത്വം സാക്ഷാത്ക്കരിക്കലാണ് മാധ്യമസദാചാരം. മീഡിയ ഒരു watch dog ആയി പ്രവർത്തിക്കണം. അഴിമതിയും ചതിയും തട്ടിപ്പും കെടുകാര്യസ്ഥതയും കഴിവില്ലായ്മയും തുറന്നുകാണിച്ച് accountable ആക്കുന്ന ജോലിയാണ് മാധ്യമത്തിനുള്ളത്.

കണ്ടെത്തലുകൾ വഴി ലഭിക്കുന്ന വിവരങ്ങൾ കൈമാറിയും വിശദീകരിച്ചും വിവരത്തെ മനസിലാക്കിയും സ്ഫുടം ചെയ്തും കാഴ്ചപ്പാടുകളും, നിലപാടും രൂപപ്പെടുത്താനും അതിനനുസരിച്ച് തീരുമാനമെടുക്കാനും ജനങ്ങളെ സഹായിക്കലാണ് മാധ്യമ ധർമ്മം. ഇതെല്ലാം മറന്ന് കച്ചവടമനസ്ഥിതിയോടെ മാധ്യമ പ്രവർത്തനം നടത്തുന്നവർ നിശിതമായി വിചാരണ ചെയ്യപ്പെടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

എന്തൊക്കെ എഴുതാം, എന്തൊക്കെ കാണിക്കാം എന്ന കാര്യത്തിൽ ഇപ്പോഴും അതിർവരമ്പ് ആയിട്ടില്ലെന്നു കാണാം. ചാനൽ കാണുന്നവരും പത്രം വായിക്കുന്നവരും വാർത്ത തയാറാക്കുന്നവരും ഒരേ മനഃസ്ഥിതിക്കാരാവില്ല. സ്ത്രീകളും കുട്ടികളുമെല്ലാം പ്രേക്ഷകരാണെന്ന് ഓർക്കണം. അവരിൽ ഉണ്ടാകുന്ന മാറ്റങ്ങളും തിരിച്ചറിയാൻ കഴിയണം. ഇന്ന് ഏതിടത്തും ആർക്കുനേരെയും പ്രയോഗിക്കാവുന്ന മൂർച്ചയേറിയ ആയുധമായി ലൈംഗികത മാറിക്കഴിഞ്ഞു. ഓരോ മലയാളിയും വ്യക്തിപരമായി ഇന്നും ലൈംഗിക നിരക്ഷരരാണ്.

കുട്ടികളുടെ പഠന നിലവാരം കുറയുന്നതിൽ ലൈംഗിക ചിന്തയും കാരണമാണെന്ന് അടുത്തിടെ നടന്ന പഠനത്തിൽ കണ്ടെത്തിയിരുന്നു. വിരൽത്തുമ്പിൽ മിന്നിമറയുന്ന സെക്സ് എത്രത്തോളം ആസ്വദിച്ചാലും പകയതയിലേക്ക് നയിക്കുന്നില്ലെന്നതാണ് പ്രശ്നം.

കപട ധാർമികതയാണ് കേരള സമൂഹം ചുമക്കുന്നത്. എന്തു പറയാം, ചെയ്യാം എന്നതിലും ഇരട്ടമുഖമുണ്ട്. മറ്റുള്ളവരെ സദാചാരം ഉപദേശിക്കുന്നവർ സ്വന്തം കാര്യം വരുമ്പോൾ അതുൾക്കൊള്ളുന്നത് കുറവ്.

കുട്ടികൾക്ക് ലൈംഗിക വിദ്യാഭ്യാസം നൽകണമെന്ന് ഘോരഘോരം പ്രസംഗിക്കുന്നവരാണ് നാം. എന്നാൽ സ്വന്തം മക്കളെ പഠിപ്പിച്ചാൽ ധാർമികത ഉണരും.

നടന്ന വഴിയിലൂടെ പിന്നോട് നടക്കുകയാണ് പാശ്ചാത്യർ. പഴമയിലേക്ക് തിരിച്ചുവരാൻ അവർ വെമ്പൽകൊള്ളുന്നു. കാലിയായിരുന്ന പള്ളികളിൽ കാലനക്കം കൂടിവരുന്നു. ഒരു കയറ്റത്തിന് ഒരിറക്കം! മനുഷ്യൻ സ്വഭാവത്തിൽ നിഷേധിയാണ്. ഈ നിഷേധത്തിന്റെ നിയന്ത്രണങ്ങൾ തന്നിൽ നടത്താൻ പഠിക്കാത്തവൻ കാരാഗൃഹത്തിലായിപ്പോകും. മനുഷ്യൻ തന്നെത്തന്നെ അറിയണം. അറിവ് നിയന്ത്രണമാണ്. ആനയെ അറിഞ്ഞവൻ ആനയെ നിയന്ത്രിക്കുന്നു, ആറ്റം അറിഞ്ഞവൻ ആറ്റത്തെ നിയന്ത്രിക്കുന്നു. മനുഷ്യൻ തന്നെത്തന്നെ അറിയുമ്പോൾ അവൻ തന്നിലെ പാപത്തെ തിരിച്ചറിയുന്നു. എല്ലാറ്റിനും കാരണമായ പാപത്തിന് പരിഹാരം വരുത്തുവാൻ ശ്രമിക്കുന്നവൻ യേശുവിനെ കണ്ടെത്തുന്നു. യേശുവിലൂടെ ലഭ്യമായ രക്ഷാമാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്നവൻ കാഴ്ചയ്ക്കപ്പുറം കൗതുക കാഴ്ചയിൽ ഒളിഞ്ഞിരിക്കുന്ന പാപത്തേയും പ്രലോഭനങ്ങളേയും തിരിച്ചറിഞ്ഞ് ആത്മനിയന്ത്രണം തന്നിൽ തന്നെ ഉറപ്പാക്കുന്നു.

വേദാഭിമാനി
SEPTEMBER
ചെയർമാൻ
ടി. എം. വർഗ്ഗീസ്
ചീഫ് എഡിറ്റർ
ടൈറ്റസ് കാർത്തികപ്പള്ളി
മാനേജർ
ഏബ്രഹാം മത്തായി (സണ്ണി)
പബ്ലിഷർ
കെ. സി. വർഗ്ഗീസ്, കല്ലുമണ്ണിൽ
കോ - ഓർഡിനേറ്റർ
തോമസ് വർക്കി
വാർഷിക വരിസംഖ്യ
ഇന്ത്യ -Rs. 100
യു. എസ്. എ. -$25
മറ്റു രാജ്യങ്ങൾ -Rs.1000
എല്ലാ രാജ്യങ്ങളിലും വേദാഭിമാനി ലഭിക്കുന്നതാണ് വരിസംഖ്യ അയക്കേണ്ട വിലാസം
വേദാഭിമാനി
കേരള - 690 516

നമ്മുടെ രാജ്യം പ്രാഥമിക വിദ്യാഭ്യാസം മൗലികാവകാശമായി അംഗീകരിച്ചു കഴിഞ്ഞിരിക്കുകയാണ്. ആ നിലയ്ക്ക് ഏറ്റവും ഗുണനിലവാരമുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികളുടേയും അവകാശമായിരിക്കുന്നു. ഈ സാഹചര്യത്തിൽ രണ്ടും മൂന്നും തരം പൗരന്മാരെ സൃഷ്ടിക്കുന്ന തരത്തിൽ ഇന്ത്യയിൽ നടക്കുന്ന വിദ്യാഭ്യാസം മൊത്തത്തിൽ വിലയിരുത്തപ്പെടണം.

കാലഘട്ടത്തിനനുസരിച്ചു കൂടുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം എന്നതിനു പകരം നമ്മുടെ വിദ്യാഭ്യാസത്തെ ബീഹാറിനും തമിഴ്നാടിനും ഒപ്പം തരംതാഴ്ത്തി സ്ഥിതിസമത്വം നടപ്പിലാക്കി. ഇതിന്റെ പ്രതിഫലനമാണ് ബീഹാറിലെയും തമിഴ്നാട്ടിലേയും കുട്ടികൾ ഇന്ന് നമ്മുടെ കുട്ടികൾക്കുമേൽ നേടുന്ന മേൽക്കൈ.

നമ്മൾ ടി.വി.യിൽ കാണുകയും കേൾക്കുകയും ചെയ്യുന്ന കാര്യങ്ങൾ പെട്ടെന്നു മിന്നിമറയുന്നതുപോലെയാണിപ്പോൾ കുട്ടികൾ സ്കൂളിൽ പഠിക്കുന്നത്. സ്കൂളിൽ നിന്നു കിട്ടുന്ന കാര്യങ്ങൾ പെട്ടെന്നുതന്നെ മനസ്സിൽനിന്നു പോകുന്നു. വിദ്യാഭ്യാസം വെറും വിവരശേഖരണമാകരുത്. അറിവു നിർമാണത്തിനും ചിന്തയ്ക്കും കണ്ടെത്തലിനും സഹായകമാകണം. ക്ലാസിൽ മനസ്സിലാക്കുന്ന കാര്യങ്ങൾ അപ്പോൾ മനസ്സിലാക്കുന്നു എന്നല്ലാതെ അടുത്ത നിമിഷത്തേക്കുപോലും കുട്ടി മനസ്സിൽ രജിസ്റ്റർ ചെയ്യുന്നില്ല. അതുകൊണ്ടിപ്പോൾ കുട്ടികൾക്ക് അടിസ്ഥാന ഗണിതം, അടിസ്ഥാന ഭാഷാജ്ഞാനം എന്നിവപോലും ഇല്ലാതായി.

ഒരുപക്ഷേ, ഇവർക്ക് കാൽക്കുലേറ്റർ ഉപയോഗിച്ചു കണക്കുചെയ്യാൻ സാധിച്ചേക്കാം, കമ്പ്യൂട്ടറിൽ എന്തെങ്കിലുമൊക്കെ ടൈപ്പുചെയ്യാനും സാധിച്ചേക്കാം. പക്ഷേ, കുട്ടി ജ്ഞാനിയാകുന്നുണ്ടോ? കേരളത്തിൽ ഇപ്പോൾ നടക്കുന്ന വിദ്യാഭ്യാസരംഗത്തെ പരിഷ്കാരങ്ങളുടെ പശ്ചാത്തലത്തിൽ പ്രാഥമിക പൊതുവിദ്യാഭ്യാസരംഗത്തെ ഗൗരവമായി പഠിക്കുകയും അതിന്റെ വെളിച്ചത്തിൽ വളരെ ധീരമായ നടപടികളുണ്ടാകുകയും വേണം.

നന്മയും തിന്മയും

ഒരാൾ ഒരു സന്യാസിയെ കാണാൻ ആശ്രമത്തിലെത്തി. അയാളെക്കണ്ട് സന്യാസി അത്ഭുതപ്പെട്ടു: "താങ്കൾ പ്രശസ്തനായ ഒരു കളിക്കാരനല്ലേ? എന്താ തനിച്ച്? ഒപ്പം ആരാധകരെ ആരേയും കാണുന്നില്ലല്ലോ!"

"സ്വാമീ, പ്രശസ്തനായിരുന്നപ്പോൾ എല്ലാവരും എന്നോടൊപ്പം ഉണ്ടായിരുന്നു. എനിക്കെതിരെ അഴിമതി ആരോപണം വന്നപ്പോൾ എല്ലാവരും എന്നെ കൈയൊഴിഞ്ഞു!", അയാൾ പറഞ്ഞു.

"ഹ! ഹ! താങ്കളിപ്പോൾ നില്ക്കുന്നത് നല്ല വെളിച്ചത്തിലാണ്. വെളിച്ചം നന്മയുടെ പ്രതീകമാണ്. അതുകൊണ്ട് താങ്കളെ എല്ലാവർക്കും കാണാനാവും!", സന്യാസി തുടർന്നു: "ഇനി, ദാ, ആ ഇരുട്ടു മുറിയിലേക്ക് ഒന്നു കയറൂ!", അയാൾ ഇരുട്ടുമുറിയിൽ കയറി. "ഇപ്പോ നോക്ക്, താങ്കളെ ആർക്കും കാണാനാവുന്നില്ലെന്നു മാത്രമല്ല, താങ്കളുടെ നിഴൽ പോലും ഒപ്പമില്ല!"

നന്മയെന്ന വെളിച്ചത്തിൽ നിൽക്കുമ്പോഴേ ആളുകൾ നമ്മോടൊപ്പം ഉണ്ടാവൂ. തിന്മ എന്ന ഇരുട്ടിലാണെങ്കിൽ നമ്മുടെ കൂടെ ആരും ഉണ്ടാവില്ല.

കല്ലും വടിയും

അക്കങ്ങൾ ഉപയോഗിക്കുന്നതിന് മുൻപ് കണക്കുകൂട്ടുന്നതിന് പല വിദ്യകളും മനുഷ്യർ ഉപയോഗിച്ചിരുന്നു. കല്ലുകൾ അടുക്കിവച്ചും വടിയിൽ അടയാളങ്ങൾ കൊത്തിയും ഇലകൾ ശേഖരിച്ചും മണ്ണിലും മണലിലും വരയിട്ടും ഒക്കെയായിരുന്നു എണ്ണം കണക്കാക്കിയിരുന്നത്. നാരുകളിൽ കെട്ടുകളിട്ടും ഇലകളിൽ ദ്വാരമിട്ടും ചിലർ കണക്കുകൂട്ടി!

ക്യൂണിഫോം

പുരാതന സുമേറിയക്കാർ '60' എന്ന സംഖ്യയെ അടിസ്ഥാനമാക്കി എണ്ണൽ വിദ്യ ഉണ്ടാക്കിയിരുന്നു. നനവുള്ള മണ്ണിൽ ആദ്യം ആവശ്യമായ അടയാളങ്ങൾ ഉണ്ടാക്കും. ഇത് തീയിൽ ചുട്ടെടുക്കുന്ന രീതിയാണ് ക്യൂണിഫോം. 59 വരെയുള്ള ഗുണനപ്പട്ടികകൾ ഈ രീതിയിൽ അവർ വികസിപ്പിച്ചെടുത്തിരുന്നു.

അക്കച്ചിത്രങ്ങൾ



ഈജിപ്തുകാരുടെ പഴയ ചിത്രലിപി രസകരമായിരുന്നു. 100 എന്ന അക്കത്തിന് ചങ്ങല, 1000-ത്തിന് താമര, പതിനായിരത്തിന് ചൂണ്ടുവിരൽ, ഇങ്ങനെയായിരുന്നു അക്കച്ചിത്രങ്ങൾ. ഒരു ലക്ഷത്തിന് തവളക്കുഞ്ഞായിരുന്നുവെങ്കിൽ, പത്തുലക്ഷത്തിന് ഒരു മനുഷ്യൻ കൈയുയർത്തി നിൽക്കുന്നതായിരുന്നു ചിത്രം. പിന്നീട് ചിത്രം വരയ്ക്കുന്നതിനേക്കാൾ എളുപ്പത്തിൽ എഴുതാൻ പറ്റിയ ചിഹ്നങ്ങൾ അവർ ഉപയോഗിക്കാൻ തുടങ്ങി.

പുരോഹിതന്മാരുടെ അക്കങ്ങൾ

അക്കങ്ങൾ കണ്ടുപിടിക്കുന്നതിലും ഉപയോഗിക്കുന്നതിലും ഈജിപ്തുകാർ മിടുക്കന്മാരായിരുന്നു. പണ്ടുകാലത്തെ പുരോഹിതന്മാർ അക്കങ്ങൾ പരിശോധിക്കാൻ ഒരു സമിതിതന്നെ ഉണ്ടാക്കിയിരുന്നുവത്രെ. കൂട്ടാനും കുറയ്ക്കാനും പറ്റിയ ലഘുവായ അക്കങ്ങളും അവരുടെ സംഭാവന തന്നെ. ബി.സി. 1150 കാലത്തെ ഒരു ചുരുളിൽ 100 അപ്പം അഞ്ചുപേർക്ക് എങ്ങനെ വീതിച്ചെടുക്കാം എന്ന കണക്ക് കാണാം. സംഖ്യകളെ ഇരട്ടിയാക്കിക്കൊണ്ടുള്ള ഒരു ഗുണനക്രമവും അവർ കണ്ടുപിടിച്ചിരുന്നു.

അറബികളും ഇന്ത്യക്കാരും

ആധുനിക അക്കസമ്പ്രദായത്തിന്റെ ഉറവിടം ഇന്ത്യയാണ്. കച്ചവടാവശ്യങ്ങൾക്ക് ഇന്ത്യയിലെത്തിയ അറബികളും അക്കങ്ങളുടെ കാര്യത്തിൽ സംഭാവനകൾ നല്കി. ബി.സി. മൂന്നാം ശതകത്തിലെ ശിലാശാസനങ്ങളിൽ 1,4,6 എന്നീ അക്കങ്ങളും ബി.സി. രണ്ടാം ശതകത്തിലെ ശാസനങ്ങളിൽ 2,4,6,7,9 എന്നീ അക്കങ്ങളും ബി.സി. ഒന്നും രണ്ടും ശതകത്തിലെ ഗുഹാശാസനങ്ങളിൽ 2,3,4,5,6,7,9 എന്നീ അക്കങ്ങളും ഉണ്ട്.

അക്കങ്ങൾ അടയാളങ്ങൾ!

എല്ലാ ഭാഷകളിലും ഒരുപോലെ ഉപയോഗിക്കാവുന്നവയാണ് അക്കങ്ങൾ. എങ്കിലും മിക്ക ഭാഷകളിലും വ്യത്യസ്ത അക്കങ്ങൾ നിലവിലുണ്ട്.

ഒന്നുമുതൽ പത്തുവരെയുള്ള അക്കങ്ങളുമായി ബന്ധപ്പെട്ട് രസകരമായ വിശ്വാസങ്ങളും നിറങ്ങളുമൊക്കെയുണ്ട്. അക്കൂട്ടത്തിൽ ചിലത് അടുത്തലക്കത്തിൽ.

സ്ത്രീകളും ദൈവസഭയും

പഠനപരമ്പര 3

ദൈവസഭയിൽ സ്ത്രീകളുടെ ആധിപത്യം, ഭരണം, പ്രസംഗം ഇവയെക്കുറിച്ച് മനസിലാക്കാൻ ഉപകരിക്കുന്ന പഠനപരമ്പര. സഭാനേതാക്കന്മാരും സ്ത്രീപ്രസംഗകരും അവരെ ചുമക്കുന്നവരും വായിച്ചറിയേണ്ട വചന യാഥാർത്ഥ്യങ്ങൾ

രാജാക്കന്മാരുടെ കാലത്ത്

യിസ്രായേലിൽ രാജാക്കന്മാരായി പുരുഷന്മാരെ മാത്രം ദൈവം നിയമിച്ചതിന്റെ മുഴുവൻ പ്രാധാന്യവും ഒരുപക്ഷെ നമുക്ക് മനസിലാവുകയില്ല. ദാവീദിന്റെ കീഴിലുണ്ടായിരുന്ന സൈന്യത്തിലായാലും, മതത്തിലായാലും, ആഭ്യന്തര നായകത്വത്തിലായാലും പുരുഷന്മാർ മാത്രമായിരുന്നു ഉണ്ടായിരുന്നത് (1 ദിന. 23-27). ചില കാര്യങ്ങളിൽ ദൈവം തെരഞ്ഞെടുപ്പ് നൽകിയിരിക്കുന്നതൊഴിച്ച്, മറ്റെല്ലാം നമുക്ക് ആചാരത്തോട് ചേർക്കാവുന്നതാണ്. അത് ദൈവേഷ്ടമായിരുന്നുവെങ്കിൽ, അവന് സ്ത്രീകളെ നായകത്വത്തിലാക്കാമായിരുന്നു, അല്ലെങ്കിൽ ദാവീദിനോട് അങ്ങനെ ചെയ്യുവാൻ ആവശ്യപ്പെടാമായിരുന്നു. മറ്റു ഭരണാധികാരികൾക്ക് കൊടുത്തതിലധികം ജ്ഞാനം കൊടുത്ത ശലോമോന്റെ അധികാരത്തിൽ അവൻ നേതൃത്വത്തിനായി പുരുഷന്മാരെ മാത്രമാണ് ഉപയോഗിച്ചത് (1 രാജാ. 4:1-19).

ഭരണത്തിൽ കൈകടത്തിയ ദുഷ്ട സ്ത്രീകളെ കുറിച്ചും നാം വായിക്കുന്നുണ്ട്. തോട്ടം രാജാവിന് കൈക്കലാക്കുവാൻ ആഹാബിന്റെ മുദ്ര ഉപയോഗിച്ച് നാബോത്തിന്റെ മരണം ഉറപ്പുവരുത്തുകയായിരുന്നു ഇസബേൽ (1 രാജാ. 21:7-10). തന്റെ മകനായ അഹസ്യാവിന്റെ മരണശേഷം, സിംഹാസനത്തിന് അവകാശികളാകുവാൻ ശക്തിയുള്ള എല്ലാവരെയും കൊന്നുകൊണ്ടാണ് അഥല്യ ഭരണം കരസ്ഥമാക്കിയത് (2 രാജാ. 11:1-3).

മോശെയുടെ ന്യായപ്രമാണത്തിൻ കീഴിൽ സ്ത്രീകളെ കുറിച്ചുള്ള വ്യവസ്ഥ

രണ്ട് കൂട്ടമായി ആളുകളെ എണ്ണുവാനായിരുന്നു മോശെയോട് ദൈവം പറഞ്ഞത്: സൈന്യത്തിൽ സേവനം നടത്തുന്നവരും (സംഖ്യാ. 1:1-3) മതപരമായ കാര്യങ്ങളിൽ സേവനം നടത്തുന്നവരും (സംഖ്യാ. 1:20-50; 3:5-10, 14, 15). സൈന്യത്തിലോ, പുരോഹിത ശുശ്രൂഷയിലോ സ്ത്രീകളെ എടുത്തിരുന്നില്ല. തനിക്കുള്ളവരായി, യിസ്രായേലിലെ കടിഞ്ഞൂലുകളായ-ആൺപ്രജകളെ എണ്ണുവാനായിരുന്നു ദൈവം മോശെയോട് പറഞ്ഞത്, അല്ലാതെ സ്ത്രീകളെ എണ്ണുവാനായിരുന്നില്ല (സംഖ്യാ. 3:40,45; പുറ. 13:12, 22:29).

യിസ്രായേലിലെ പുരുഷപ്രജകളൊക്കെയും ആണ്ടിൽ മൂന്നു പ്രാവശ്യം യഹോവയുടെ സന്നിധിയിൽ വരേണ്ടിയിരുന്നു (പുറ. 23:17). യഹോവയ്ക്ക് അർപ്പിച്ചിരുന്ന നേർച്ചകൾ ഭക്ഷിക്കുവാൻ പുരോഹിത ഗോത്രത്തിലെ പുരുഷന്മാർക്ക് അനുവാദമുണ്ടായിരുന്നു (ലേവ്യ. 6:18,29; 7:6).

കുടുംബത്തിന്റെ അവകാശം പുരുഷന്മാർക്കായിരുന്നു. കടിഞ്ഞൂൽ സന്തതിക്ക് ഇരട്ടി ഓഹരിയാണുണ്ടായിരുന്നത് (ആവർ. 21:16,17). കുടുംബപ്പേരും അവകാശവും നിലനിർത്തേണ്ടിയിരുന്നത് പുരുഷന്മാർ മുഖാന്തരമായിരുന്നു. ഒരു സ്ത്രീയുടെ ഭർത്താവ് മരിച്ചാൽ അവൾ അയാളുടെ സഹോദരനെ ഭർത്താവായി സ്വീകരിച്ച് മക്കളെ ജനിപ്പിച്ച് മരിച്ചയാളുടെ കുടുംബപ്പേരും, കുടുംബവും നിലനിർത്തണമായിരുന്നു (ആവ. 25:5-10). മക്കളില്ലാതെ മരിച്ച സ്ത്രീക്കായി ഭർത്താവ് കുടുംബം നിലനിർത്തേണ്ട ആവശ്യമില്ലായിരുന്നു.

പുരുഷന്റെ വസ്ത്രം സ്ത്രീ ധരിക്കുന്നതും സ്ത്രീയുടെ വസ്ത്രം പുരുഷൻ ധരിക്കുന്നതും യഹോവയ്ക്ക് "മ്ലേഛമാകുവാൻ" കാരണമെന്തെന്ന് നമുക്ക് അറിയില്ല (ആവ. 22:5). ഒരുപക്ഷേ അവർ തങ്ങളുടെ വ്യത്യസ്തമായ പങ്കുകളെ ദൈവം സൃഷ്ടിച്ചപ്പോൾ ഉദ്ദേശിച്ചതുപോലെ കാണുവാനും, എതിർലിംഗത്തെപോലെ പ്രത്യക്ഷപ്പെടാതിരിക്കുവാനും, എതിർലിംഗക്കാരുടെ പങ്കുകൾ ഒഴിവാക്കുന്നതിനുമായിരിക്കാം. പുരുഷന്മാർക്ക് സ്ത്രൈണസ്വഭാവം ഉണ്ടാകുന്നത് പുതിയനിയമത്തിൽ വിലക്കിയിരിക്കുകയാണ് (1 കൊരി. 6:9), പുരുഷൻ സ്ത്രീയെപ്പോലെ പ്രത്യക്ഷമാകുന്നതും സ്ത്രീ പുരുഷനെപോലെ പ്രത്യക്ഷനാകുന്നതും ഇന്നും ദൈവമുൻപാകെ തെറ്റുതന്നെയാണ്. സ്ത്രീയുടെയും പുരുഷന്റെയും മുടിയുടെ നീളത്തിലും വ്യത്യാസം ഉണ്ടായിരിക്കണം. സ്ത്രീ മുടി നീട്ടുന്നത് അവൾക്ക് മാനമാകുന്നു, പുരുഷൻ മുടി നീട്ടിയാൽ അത് അവന് അപമാനമാകുന്നു (1 കൊരി. 11:14,15). സ്ത്രീകൾക്കും പുരുഷന്മാർക്കും വ്യത്യസ്തമായ പങ്കുകളാണ് നൽകിയിരിക്കുന്നതെന്ന് അവരെ കാണുമ്പോൾ പോലും തിരിച്ചറിയുവാനാണ് ദൈവം ആഗ്രഹിക്കുന്നത്.

മോശെയുടെ ന്യായപ്രമാണം അനുസരിച്ച്, യഹോവക്ക് നേർച്ച നേരുമ്പോൾ, ഇരുപതു വയസിനും അറുപതു വയസിനും ഇടയ്ക്ക് പ്രായമുള്ള പുരുഷന്മാരുടെ മതിപ്പ് വില അമ്പതു വെള്ളിക്കാശും, സ്ത്രീകളുടേത് മുപ്പതു വെള്ളിക്കാശും ആയിരുന്നു (ലേവ്യാ. 27:1-7). ദരിദ്രരുടെ മതിപ്പ് വില പുരോഹിതൻ തീരുമാനിക്കും (ലേവ്യാ. 27:8). അതിനർത്ഥം ഒരു വ്യക്തിയുടെ മൂല്യമനുസരിച്ചല്ല, മറിച്ച് അയാളുടെ കഴിവനുസരിച്ചാണ് നൽകേണ്ടിയിരുന്നതെന്നർത്ഥം. വേതനം കൈപ്പറ്റുന്നതനുസരിച്ച് സ്ത്രീകളേക്കാൾ പുരുഷന്മാർക്കായിരുന്നു അധികവരുമാനം, അതുകൊണ്ട്, അവർ കൂടുതൽ നൽകണമായിരുന്നു.

പുരുഷന്മാർക്ക് അവരുടെ ആണ കെട്ടപ്പെട്ടിരുന്നു. ഒരു അപ്പനോ അല്ലെങ്കിൽ ഭർത്താവോ, അയാളുടെ ഭാര്യയുടേയോ മകളുടേയോ ആണ വിലക്കിയാൽ ആ ആണ പിന്നെ കെട്ടപ്പെടാതിരിക്കും. കുടുംബത്തിലെ സ്ത്രീകളുടെ ആണ സ്ഥിരമാക്കണോ വേണ്ടയോ എന്ന് തീരുമാനിക്കേണ്ടത് പുരുഷന്മാരായിരുന്നു (സംഖ്യാ. 30:1-15). പുരുഷന്മാരുടെ ആണ സാധുവാക്കാനും അസാധുവാക്കാനും സ്ത്രീകൾക്ക് അനുവാദമില്ലായിരുന്നു. വീണ്ടും ഇത് കുടുംബത്തിൽ പുരുഷനായകത്വത്തെയാണ് സൂചിപ്പിക്കുന്നത്.

പഴയനിയമത്തിൽ പല സ്ത്രീകളും ബുദ്ധിയും ജ്ഞാനവും ഗുണവും, ധൈര്യവുമുള്ളവരായിരുന്നു - ചില കാര്യങ്ങളിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ മികവുറ്റവരായിരുന്നു. കഴിവിൽ അവർ ഒരിക്കലും പുരുഷന്മാരേക്കാൾ തരംതാഴ്ന്നവരായിരുന്നില്ല. എന്നാൽ സമൂഹത്തിലെ മതപരമായ നായകത്വവും ആഭ്യന്തരഭരണവും അവർക്ക് നൽകപ്പെട്ടിരുന്നില്ല,

ബൈബിളിലെ പ്രവാചകിമാർ

പ്രവാചകിമാരായി അഞ്ചുപേരെയാണ് ബൈബിളിൽ പറയുന്നത്. രണ്ടുപേർ വാസ്തവത്തിലുള്ള പ്രവാചകിമാരായി പറയുന്നു, ഹുൽദായും (2 രാജാ. 22:14; 2 ദിന. 34:22), ഹന്നയും (ലൂക്കോ. 2:36), രണ്ട്: കള്ളപ്രവാചകിമാരായ നവോദ്യയും (നെഹ. 6:14) അപോകാലികഭാഷയിൽ പറഞ്ഞ ഇസബെലും (വെളി. 2:20). പ്രവാചകിയായിരുന്ന യെശയ്യാവിന്റെ ഭാര്യയുടെ പേർ പറഞ്ഞിട്ടില്ല (യെശ. 8:3), സഭയുടെ ആരംഭഘട്ടത്തിൽ പ്രവചിച്ച ഫിലിപ്പോസിന്റെ പുത്രിമാരുടെ പേരും പറഞ്ഞിട്ടില്ല (അ.പ്ര. 21:9).

ഹുൽദാ രാജാവിന്റെ പ്രതിനിധികളോട് രഹസ്യസംഭാഷണമായിരുന്നു നടത്തിയത് (2 രാജാ. 22:14-20; 2 ദിന. 34:22-28). ആത്മീയ കാര്യങ്ങളിലോ അല്ലെങ്കിൽ ദൈവജനത്തിന്റെ സഭയോട് സംബോധന ചെയ്യുന്നതായി ഒന്നും നാം കാണുന്നില്ല.

ഹന്ന നിരന്തരമായി ദൈവാലയത്തിലായിരുന്നു പാർത്തിരുന്നത്, അവൾ ശിശുവായിരുന്ന യേശുവിനെ കണ്ടശേഷം, "അടുത്തുനിന്നു യേശുവിനെ സ്തുതിച്ചു, യെരുശലേമിന്റെ വീണ്ടെടുപ്പിനെ കാത്തിരുന്ന എല്ലാവരോടും അവനെ കുറിച്ചു പ്രസ്താവിച്ചു" (ലൂക്കോ. 2:38). അവൾ ദൈവാലയത്തിലായിരുന്ന സമയത്തെ പ്രവചനകാലം നമ്മോട് പറയുന്നില്ല, അല്ലെങ്കിൽ അവൾ പ്രവചിച്ചത് വ്യക്തികളോടായിരുന്നോ അതോ സംഘത്തോടായിരുന്നോ എന്നും വ്യക്തമല്ല. സ്ത്രീകൾക്ക് സ്ത്രീകളുടെ പ്രാകാരം വരെ മാത്രമെ ദൈവാലയത്തിൽ പ്രവേശിക്കുവാൻ കഴിയുമായിരുന്നുള്ളു, അതിനപ്പുറം പോകുവാൻ അനുവാദമില്ലായിരുന്നു. അവിടെ പ്രവേശിക്കുവാൻ ശുദ്ധീകരിക്കപ്പെട്ട പുരുഷന്മാർക്ക് മാത്രമെ കഴിയുമായിരുന്നുള്ളു. ഹന്ന നിരന്തരമായി പ്രവചിച്ചിരുന്നു, പക്ഷെ, അവളുടെ പ്രവചനങ്ങൾ കടന്നുപോകുന്നവരോട് മശിഹായെ കുറിച്ചു പ്രസ്താവിച്ചു എന്നതിലുപരിയായിരുന്നു എന്നതിന് തെളിവില്ല. അതുപോലെ ഔപചാരിക സഭായോഗങ്ങളിലോ ദൈവാലയ ശുശ്രൂഷകളിലോ അവൾ പ്രവചിച്ചതായി തെളിവൊന്നുമില്ല.

യെശയ്യാവിന്റെ ഭാര്യ ചെയ്തത് എന്തെന്ന് മനസിലാക്കുവാൻ തക്ക വിവരങ്ങളൊന്നും നമുക്ക് ഇല്ല. പ്രവാചകന്റെ ഭാര്യ എന്ന നിലക്ക് അവളെ പ്രവാചകി എന്നു വിളിച്ചിരിക്കാം, അല്ലെങ്കിൽ അവൾ പ്രവചിച്ചിരിക്കാം. അവൾ പ്രവചിച്ചുവെങ്കിൽ, എപ്പോൾ, എവിടെ, ആരോട് എന്ന് നമുക്ക് അറിയില്ല. അതുപോലെതന്നെയാണ് ഫിലിപ്പോസിന്റെ കന്യകമാരായ പുത്രിമാരെ സംബന്ധിച്ചും.

ഹുൽദായുടെ പ്രവചനവാക്കുകളും (2 രാജാ. 22:14-22), മിരിയാമിന്റെ പ്രവചനവുമാണ് ബൈബിളിൽ രേഖപ്പെടുത്തിയിട്ടുള്ളത് (പുറ. 15:20,21). ആ പ്രവചനങ്ങൾ സ്ത്രീകളും പുരുഷന്മാരും അടങ്ങിയ യോഗങ്ങളിലായിരുന്നില്ല. പ്രവാചകി തന്റെ പ്രവചനം എഴുതിയതായ ഒരു രേഖയും നമുക്ക് ഇല്ല. ദൈവജനം മതപരമായി ഔപചാരികമായി കൂടുമ്പോൾ, പഴയനിയമത്തിലും പുതിയനിയമത്തിലും സ്ത്രീകൾ സംസാരിച്ചതായ ഒരു പ്രസ്താവനയും ബൈബിളിലില്ല. ദൈവജനത്തിന്റെ ഇടവകകളോട് സംസാരിക്കുവാനും തിരുവെഴുത്തുകൾ എഴുതുവാനും ദൈവം ഉപയോഗിച്ചത് പുരുഷന്മാരെ ആയിരുന്നു.

ക്രൂശിനുശേഷം സഭയുടെ ശൈശവപ്രായത്തിൽ. സ്ത്രീകളെ നമുക്ക് കാണുവാൻ കഴിയും. പുതിയ യുഗം - ക്രിസ്തീയ കാലം, യേശുവിന്റെ മരണത്താലായിരുന്നു സ്ഥിരീകരിക്കപ്പെട്ടത് (എബ്രാ. 9:16,17) - യേശുവിന്റെ ശരീരത്തോടുള്ള ആദരവ് പ്രകടിപ്പിക്കുവാൻ സ്ത്രീകളായിരുന്നു പോയത്, എന്നാൽ അവന്റെ ഏറ്റവും അടുത്ത അനുഗാമികളായിരുന്ന പുരുഷന്മാർ ജീവനെ ഭയന്ന് ഒളിച്ചിരിക്കുകയായിരുന്നു.

യെഹൂദമതാദ്ധ്യക്ഷന്മാരുടെ ക്രോധം യേശുവിനെ അനുഗമിച്ച സ്ത്രീകളെ ഭയപ്പെടുത്തിയിരുന്നില്ല. യേശു മരണവേദനകൊണ്ട് പുളയുകയും ജീവൻ അവന്റെ ശരീരത്തിൽ നിന്നു പോകുന്നതും അവർ നോക്കിക്കൊണ്ടിരുന്നു (മത്താ. 27:55, 56; മർ. 15:40, 41). അരിമഥ്യക്കാരനായ യോസേഫും നിക്കൊദേമൊസും അവന്റെ ശരീരം അടക്കുവാനുള്ള ഏർപ്പാട് ചെയ്തപ്പോൾ, അനുഗമിച്ചതു അവന്റെ ശിഷ്യന്മാരായിരുന്ന പുരുഷന്മാരായിരുന്നില്ല, മറിച്ച് ആ സ്ത്രീകളായിരുന്നു (ലൂക്കോ. 23:55). പിന്നെ അവർ യെരുശലേമിലേക്ക് മടങ്ങിപ്പോയി സുഗന്ധവർഗവുംപരിമളതൈലവും അവന്റെ ശരീരത്തിനുവേണ്ടി ഒരുക്കി (ലൂക്കോ. 23:56).

സ്ത്രീകൾ യേശുവിന്റെ ശരീരത്തിൽ പുരട്ടുവാനായി ഒരുക്കിയ സുഗന്ധവർഗവും പരിമള തൈലവുമായി കല്ലറക്കൽ ചെന്നു (മത്താ. 28:1). കല്ലറ കാവൽക്കാരെ അവർ നേരിടേണ്ടിവരുമെന്നായിരുന്നു അവർ വിചാരിച്ചത്, എന്തു സംഭവിക്കുമെന്നറിയാതെയാണ് അവരെത്തിയത്. അവരെ ആശ്ചര്യപ്പെടുത്തി, കാവൽക്കാർ അവിടെ ഇല്ലായിരുന്നു; കല്ല് നീക്കി കളഞ്ഞിരുന്നു, കല്ലറ ശൂന്യമായും കാണപ്പെട്ടു (ലൂക്കോ. 14:1-3).

ഉയിർത്തെഴുന്നേറ്റ യേശു ആദ്യം പ്രത്യക്ഷനായത് പുരുഷന്മാർക്കായിരുന്നില്ല, മറിച്ച് മഗ്ദലക്കാരത്തി മറിയക്കായിരുന്നു യോഹ. 20:11-18, (മാനുഷികമായി) ചിന്തിച്ചാൽ ഉയർപ്പിന്റെ സന്ദേശം അറിയിക്കേണ്ടവർ സ്ത്രീകളായിരുന്നു ലൂക്കോ. 24:9 അറിയുവാനും അറിയിക്കുവാനും സാധിച്ചു എങ്കിലും എന്തുകൊണ്ട് അവർ അത് പരസ്യമായി പ്രഖ്യാപിച്ചില്ല? തുടർന്നങ്ങോട്ട് അപ്പോസ്തോലിക നിരയിലോ, പ്രബോധകരെന്ന നിലയിലോ ഈ സ്ത്രീകൾ ആരും കാണപ്പെടുന്നില്ല എന്തുകൊണ്ട്? ഈ ചോദ്യങ്ങൾക്ക് മറുപടി കണ്ടെത്താൻ ശ്രമിച്ചാൽ സ്ത്രീകൾക്ക് ദൈവസഭയിലുള്ള സ്ഥാനം എന്തെന്ന് മനസിലാക്കാൻ സാധിക്കും.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

അപ്പോൾ എന്തു ചെയ്യും?

യാക്കോബ് 5:13

ടി.വി. സാം

വിവിധത്വം ജീവിതത്തിനു രുചി നൽകുന്ന സുഗന്ധവസ്തു മാത്രമല്ല, ജീവിതത്തിൽ അത്യാവശ്യമാണുതാനും. കുന്നുകൾ ഉണ്ടെങ്കിൽ താഴ്വരകൾ ഉണ്ടായിരിക്കും. കാർമേഘങ്ങൾ ഉണ്ട്, സൂര്യപ്രകാശം ഉണ്ട്. വേദനയുണ്ട്, സന്തോഷമുണ്ട്. തത്വജ്ഞാനികളും ഉപദേഷ്ടാക്കന്മാരും ചിന്തകന്മാരും കാലാകാലങ്ങളിൽ വിജയങ്ങളെയും നാശനഷ്ടങ്ങളെയും സന്തുലിതാവസ്ഥയിൽ എങ്ങനെ കൊണ്ടുപോകാമെന്നതിനെ സംബന്ധിച്ചു കൂലങ്കഷമായി ചിന്തിച്ചിട്ടുണ്ട്. അതിനുള്ള വിഭവം ക്രിസ്ത്യാനികൾക്ക് മാത്രമേയുള്ളു. അതിനുള്ള ഉപാധി ദൈവം മാത്രമാണ്. എല്ലാ അവസ്ഥയ്ക്കും യോജിച്ചവനത്രേ നമ്മുടെ ദൈവം. ജീവിതത്തിൽ സുഖവും ദുഃഖവും ഉണ്ടെന്നുള്ള തത്വം യാക്കോബു നമുക്ക് മനസ്സിലാക്കിത്തരുന്നു. ഇതിനെ എങ്ങനെ തരണം ചെയ്യണമെന്നും യാക്കോബ് ബുദ്ധി ഉപദേശിച്ചു തരുന്നു. അതിനുള്ള പ്രതിവിധിയാണ് യാക്കോ. 5:13-ാം വാക്യത്തിൽ കാണുന്നത്.

നിങ്ങളിൽ ആരെങ്കിലും കഷ്ടത അനുഭവിക്കുന്നുണ്ടോ? പ്രകൃതിദത്തമായ കഷ്ടതകളുണ്ട്. കൊടുംങ്കാറ്റും വെള്ളപ്പൊക്കവും ഭൂകമ്പവും പ്രകൃതിക്ഷോഭങ്ങളാണ്. ഉല്പത്തി പുസ്തകത്തിൽ കഷ്ടത പാപത്തിന്റെ ഫലമായി വന്നുചേർന്ന ഒരു ദുരന്തമായി പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്. "സ്ത്രീയോടു കല്പിച്ചത്. ഞാൻ നിനക്ക് കഷ്ടവും ഗർഭധാരണവും ഏറ്റവും വർദ്ധിപ്പിക്കും; നീ വേദനയോടെ മക്കളെ പ്രസവിക്കും" (ഉല്പ. 3:16). സൃഷ്ടിയുടെ പ്രാരംഭത്തിൽ കഷ്ടത ഇല്ലായിരുന്നു. ദൈവം സൃഷ്ടിച്ചപ്പോൾ എല്ലാം നല്ലതായിരുന്നു. അനുസരണക്കേടിന്റെ ഫലമായി നുഴഞ്ഞുകയറിയ തിന്മയാണ് കഷ്ടത.

ശാരീരികമായ അസുഖങ്ങൾ, അസ്വസ്ഥതകൾ ഉണ്ട്. മനുഷ്യൻ മരിക്കും. മനുഷ്യനു മരണം നിയമിച്ചിരിക്കുന്നു. "ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കുന്നു" (എബ്രാ. 9:27). നമ്മുടെ പുറമേയുള്ള മനുഷ്യൻ നാൾക്കു നാൾ ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്. നാം മരണത്തോട് അടുത്തുകൊണ്ടിരിക്കുന്നു എന്നാണത് കാണിക്കുന്നത്. മാനസിക അസ്വസ്ഥതകൾ ഉണ്ട്. ഈ ആധുനിക യുഗത്തിന്റെ ഒരു പ്രത്യേകതയാണ് മാനസിക സംഘർഷങ്ങൾ. പിരിമുറുക്കം എല്ലാവർക്കും ഉണ്ട്. ജഡം, പിശാച് ഇവ നമ്മുടെ ആത്മാവിനെ ആക്രമിച്ചു കളയും. നമ്മിൽ പലർക്കും കൂടെപ്പിറപ്പായ ചില അസ്വസ്ഥതകളോ പ്രശ്നങ്ങളോ ഉണ്ടായിരിക്കാം. അതിനെ ക്രിസ്ത്യാനികൾ ദൈവം എനിക്കു തന്ന കുരിശ് എന്നു പറയാറുണ്ട്. ചിലർ വഹിക്കുന്ന കുരിശ് ചിലപ്പോൾ ശരീരത്തിന്റെ അസുഖമായിരിക്കാം. ചിലർക്ക് ക്രൂരനായ മേലുദ്യോഗസ്ഥനോ യജമാനനോ ആയിരിക്കാം. ചിലർക്ക് അനുസരണംകെട്ട മക്കളായിരിക്കാം ഭാരം. ഇത് എന്റെ 'കുരിശ്' ആണെന്ന് അങ്ങനെയുള്ളവർ പറയുന്നത് ശരിയല്ല. 'കുരിശ്' എന്നു പറയുന്നത് എന്താണെന്ന് നാം മനസ്സിലാക്കിയിരിക്കണം. നാം ക്രിസ്ത്യാനികൾ ആകയാൽ ക്രിസ്ത്യാനി ആയതിന്റെ പേരിൽ മാത്രം അനുഭവിക്കുന്ന ചില പീഡകളോ അസ്വാതന്ത്ര്യങ്ങളോ അതാണ് 'കുരിശ്'. ബൈബിൾ വ്യക്തമാക്കുന്നത് ഇപ്രകാരമാണ്, "ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ള വർക്കെല്ലാം ഉപദ്രവും ഉണ്ടാകും" (2 തിമൊ. 3:12). ഇതു ക്രിസ്ത്യാനികൾക്ക് മാത്രമുള്ള ചില സമ്മർദ്ദങ്ങൾ എന്നു പറയാം. ഇപ്രകാരം പ്രത്യേക പ്രശ്നങ്ങളോ, സമ്മർദ്ദങ്ങളോ വഹിക്കുന്നവരോടു വിശുദ്ധ യാക്കോബ് എന്തുപദേശമാണ് നൽകുന്നത്. കഷ്ടത അനുഭവിക്കുന്നവർ പ്രാർത്ഥിക്കട്ടെ. പ്രശ്നങ്ങൾ വിവിധങ്ങളും സങ്കീർണ്ണങ്ങളുമായിരിക്കാം. എന്നാൽ ഉത്തരം ലളിതമാണ്, പ്രാർത്ഥിക്കുക. പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ പ്രാർത്ഥിക്കണമെന്നാണ് ദൈവവചനം പഠിപ്പിക്കുന്നത്. "കഷ്ടകാലത്ത് എന്നെ വിളിച്ചപേക്ഷിക്കുക; ഞാൻ നിന്നെ വിടുവിക്കുകയും നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും" (സങ്കീ. 50:15). എത്ര പ്രോത്സാഹനജനകമായ ഒരു വാക്യമാണിത്. ദൈവം നോക്കിക്കൊണ്ടിരിക്കുന്നു, ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു. തന്റെ ജനത്തെ സഹായിക്കാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നു. അതാണ് വിശുദ്ധ പത്രോസ് ഓർപ്പിക്കുന്നത്. "കർത്താവിന്റെ കണ്ണ് നീതിമാന്മാരുടെമേലും അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കുന്നു" (1 പത്രോ. 3:12). നമ്മുടെ ജീവിതത്തിൽ ചില ഇരുണ്ട കാർമേഘങ്ങൾ മൂടിയ ദിനങ്ങൾ ഉണ്ടാകാം. അന്തരീക്ഷത്തിൽ കാർമേഘം മൂടിയതുകൊണ്ട് സൂര്യൻ ആകാശത്തുനിന്നു പോയെന്നു ധരിക്കരുത്. സൂര്യൻ അവിടെത്തന്നെയുണ്ട്. അതുപോലെ ജീവിതത്തിൽ ചില ഇരുണ്ട ദിനങ്ങൾ ഉള്ളതിനാൽ ദൈവം ഇല്ലെന്നും നമ്മെ തള്ളിക്കളഞ്ഞു എന്നും അർത്ഥമാക്കരുത്.

നിങ്ങളിൽ സുഖം അനുഭവിക്കുന്നവൻ പാട്ടുപാടട്ടെ. സുഖം എന്നതിനു (wellbeing) ശരീരത്തിലും മനസ്സിലും നല്ല അവസ്ഥ എന്നു പറയാം. പൗലൊസ് ഫെലിക്സിന്റെ അടുക്കൽ തന്റെ സാക്ഷ്യം പറയുന്ന സമയത്ത് ഉപയോഗിക്കുന്ന വാക്ക് (I gladly make my defence) എനിക്ക് സന്തോഷത്തോടെ പ്രതിപാദിക്കുവാനുള്ളത് എന്നു പറഞ്ഞാണ് തുടങ്ങുന്നത്. സന്തോഷം സകലത്തിന്റെയും ഉടയവനായ ദൈവത്തിലുള്ള അടിയുറച്ച വിശ്വാസത്താൽ ഉളവാകുന്നതാണ്. പൗലൊസ് ഫെലിക്സിനെ അഭിമുഖീകരിച്ചതു വെറും തമാശ അല്ലായിരുന്നു. പരിശോധനകളെ അവൻ അഭിമുഖീകരിച്ചത് ദൈവമാണ് സകലത്തെയും നിയന്ത്രിക്കുന്നതെന്ന അടിയുറച്ച വിശ്വാസത്താലായിരുന്നു. ക്രിസ്തീയ ജീവിതം വെറും തമാശയ്ക്കുള്ളതല്ല അത് ഗൗരവമുള്ളതാണ്. "ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല; നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവുമത്രെ. ദൈവം തന്ന ഈ ആയുസ്സിൽ സന്തോഷിക്കേണ്ടത് ആവശ്യമാണ്. പരിശുദ്ധാത്മാവിൽ സന്തോഷിപ്പിൻ. ദൈവത്തിൽ ആശ്രയിക്കുന്നതുകൊണ്ട് സന്തോഷിപ്പിൻ. ആത്മീയ അനുഗ്രഹങ്ങൾ ധാരാളമായിതരുന്ന ദൈവം ഉള്ളതുകൊണ്ട് സന്തോഷിപ്പിൻ.

സുഖം അനുഭവിക്കുന്നവരോട്, സന്തോഷമുള്ളവരോട് യാക്കോബ് ഉപദേശിക്കുന്നതു കേൾക്കുക. അവൻ സ്തോത്രഗീതം പാടട്ടെ. ഈ സാങ്കേതിക യുഗത്തിൽ പാടുന്നതും പുകഴ്ത്തുന്നതും പലർക്കും അരോചകമായോ അനാവശ്യമായോ തോന്നിയേക്കാം. നാം ദൈവത്തേക്കാൾ ബുദ്ധിമാന്മാരാണെന്നു കരുതരുത്. ദൈവം നമ്മിൽ നിന്ന് ആവശ്യപ്പെടുന്നത്, ദൈവവചനം നിർബന്ധിക്കുന്നത്, നാം സ്തോത്രം ചെയ്യണമെന്നുള്ളതാണ്. അതുകൊണ്ട് യാക്കോബിന്റെ ഈ നിർദ്ദേശം നാം അനുസരിക്കണം. ആരാധനയുടെ മുഖ്യഘടകമാണ് സ്തോത്രാർപ്പണം. സൃഷ്ടിതാവായ ദൈവത്തിനു സ്തോത്രം ചെയ്യുവാൻ സൃഷ്ടിയായ മനുഷ്യൻ ബാദ്ധ്യസ്ഥനാണ്. സ്വർഗ്ഗസ്ഥനായ ദൈവത്തെ മഹത്വപ്പെടുത്തുകയാണ് മനുഷ്യജീവിതത്തിന്റെ ഉദ്ദേശ്യമെന്ന് യേശുക്രിസ്തു പഠിപ്പിച്ചു. സ്തോത്രമെന്നതു വാക്കുകളുടെ ആവർത്തനമല്ല. പിന്നെയോ ഹൃദയപൂർവ്വമായ നന്ദിപ്രകടനമാണ്. നമ്മെ ഇരുട്ടിന്റെ അധികാരത്തിൽനിന്നു വിടുവിച്ചതിനായി സ്തോത്രം ചെയ്യണം. വെളിച്ചത്തിലുള്ള അവകാശങ്ങൾക്ക് പ്രാപ്തരാക്കിയതിനായി, സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കിയതിനായി, നമ്മുടെ ആവശ്യങ്ങൾ നിറവേറ്റിതരുന്നതിനായി സ്തോത്രം ചെയ്യണം. ചുരുക്കത്തിൽ ഒരു ക്രിസ്ത്യാനിയുടെ ജീവിതം സ്തോത്രമെന്ന യാഗം ആയിരിക്കണം. സ്തോത്രാർപ്പണം ക്രിസ്ത്യാനിയുടെ മാത്രം പ്രത്യേക അടയാളമാണ്. പൗലൊസ് ദൈവം ഇല്ലാത്തവരുടെ അടയാളം പറഞ്ഞിരിക്കുന്നത് നോക്കുക, "അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്നു ഓർത്തു മഹത്വീകരിക്കുകയോ നന്ദി കാണിക്കുകയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥമായിത്തീർന്നു, അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി" (റോമ. 1:21). അഹങ്കാരത്തിന്റെ വിപരീതമാണ് സ്തോത്രമെന്നത്. നാം ദൈവത്തെ പുകഴ്ത്തുമ്പോൾ ദൈവസന്നിധിയിൽ വിനയപ്പെടുകയാണ്. ദൈവത്തിന്റെ പരമാധികാരത്തെ ഉയർത്തുകയാണ്. കാര്യങ്ങളെല്ലാം അനുകൂലമായിത്തീരുമ്പോൾ ഭൗതീക നന്മകൾ വർദ്ധിക്കുമ്പോൾ മനുഷ്യൻ സാധാരണ ചെയ്യാറുള്ളത് ഈ അനുഗ്രഹങ്ങൾക്ക് കാരണക്കാരനായ ദൈവത്തെ മറക്കുകയാണ്. അപ്പോൾ അവൻ അഹങ്കാരിയും സ്വാർത്ഥനുമായി മാറും. ഇങ്ങനെ സംഭവിക്കുമെന്നു ദൈവത്തിന് അറിയാം. അതുകൊണ്ട് മിസ്രയീമിൽനിന്ന് പുറപ്പെടുവിച്ചു കനാന്റെ സൗഭാഗ്യത്തിലേക്കു നടത്തിയ ജനത്തിനു കൂടെക്കൂടെ മുന്നറിയിപ്പു നൽകിയിരുന്നു. "നീ തിന്നു തൃപ്തി പ്രാപിക്കുകയും ചെയ്യുമ്പോൾ നിന്നെ അടിമവീടായ മിസ്രയീം ദേശത്തു നിന്നു കൊണ്ടുവന്ന യഹോവയെ മറക്കാതിരിക്കാൻ സൂക്ഷിച്ചുകൊൾക" (ആവ. 6:11-12). അഹങ്കാരവും സ്തുതിയും ഒരേ സമയത്തു കൊണ്ടുപോകുവാൻ സാദ്ധ്യമല്ല. നാം പുകഴ്ത്തുമ്പോൾ ദൈവത്തിനു മഹത്വം ലഭിക്കുകയാണ്. ദാവീദിനു ലഭിച്ച ദൈവവചനത്തിൽനിന്നു ഇത് വ്യക്തമാണ്. "സ്തോത്രമെന്ന യാഗം അർപ്പിക്കുന്നവൻ എന്നെ മഹത്വപ്പെടുത്തുന്നു."(സങ്കീ. 50:23). "യഹോവയ്ക്ക് അവന്റെ നാമത്തിനു തക്ക മഹത്വം കൊടുപ്പിൻ; തിരുമുൽക്കാഴ്ചയുമായി അവന്റെ പ്രാകാരങ്ങളിൽ ചെല്ലുവിൻ" (സങ്കീ. 96:8). 34-ാം സങ്കീർത്തനക്കാരന്റെ പ്രാർത്ഥന നമുക്ക് നമ്മുടെ ജീവിതഭാഗമാക്കിതീർക്കാം. എന്നോടു ചേർന്ന് യഹോവയെ മഹിമപ്പെടുത്തുവിൻ. നാം ഒന്നിച്ച് അവന്റെ നാമത്തെ ഉയർത്തുക. നിങ്ങളിൽ കഷ്ടം അനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ. സുഖം അനുഭവിക്കുന്നവൻ സ്തോത്രഗീതം ആലപിക്കട്ടെ. എല്ലാക്കാലങ്ങളിലേക്കും മതിയായ ഒരു ദൈവമത്രേ നമ്മുടെ രക്ഷിതാവ്.

സ്നേഹം ലോകത്തോടോ?

'സ്നേ'ഹത്തിന്റെ അപ്പൊസ്തലൻ' എന്നാണ് യോഹന്നാൻ അറിയപ്പെടുന്നത്. സ്നേഹത്തെക്കുറിച്ചു എപ്പോഴും സംസാരിച്ചതുകൊണ്ടാകാം അദ്ദേഹത്തിനു അങ്ങനെയൊരു അപരനാമം ലഭിച്ചത്. ദൈവത്തെയും ദൈവത്തിനുള്ളതിനെയും സഹോദരവർഗ്ഗത്തെയും ഒക്കെ സ്നേഹിക്കുന്നതിനെക്കുറിച്ചു മാത്രമേ യോഹന്നാനു തന്റെ ലേഖനങ്ങളിലും പറയാനുള്ളു. പക്ഷേ അതിനിടയിൽ അദ്ദേഹം സ്നേഹിക്കരുത് എന്നും പറയുന്നു. ആ കൊച്ചു വാചകം ഇങ്ങനെയാണ്: 'ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്' (1 യോഹ. 2:15).

ലോകത്തിനു മനുഷ്യരുടെമേൽ വലിയ ഒരു ആകർഷണശക്തി ഉണ്ട്. ഈ ലോകം, അതിന്റെ നേട്ടങ്ങൾ, അതിന്റെ മഹത്വം, അതിന്റെ പുകഴ്ച-ഇതെല്ലാം ആരുടെയും കണ്ണഞ്ചിപ്പിക്കുന്നതാണെന്നു സാത്താനും അറിയാം. അതുകൊണ്ടാണല്ലോ ദൈവപുത്രനായ യേശുവിനെപ്പോലും അവൻ ഈ ലോകവും അതിന്റെ മഹത്വങ്ങളും കാട്ടി അതു തിരഞ്ഞെടുക്കുവാൻ പ്രലോഭിപ്പിച്ചത് (മത്താ. 4:8,9; ലൂക്കോ. 4:5-7). ഇവിടെ ശ്രദ്ധേയമായ ഒരു കാര്യം ഉണ്ട്. ലോകത്തെക്കാൾ എത്രയോ മടങ്ങ് മഹത്വമേറിയതാണ് സ്വർഗ്ഗം. ആ സ്വർഗ്ഗം വേണ്ടെന്നു വച്ച് ഭൂമിയിൽ വന്നവനാണ് യേശു. അങ്ങനെയുള്ള യേശുവിനെപോലും ഒരു പ്രലോഭനമായി ഈ ലോകത്തിന്റെ അധികാരവും അതിന്റെ മഹത്വവും പിശാചു കാണിച്ചു കൊടുക്കണമെങ്കിൽ തീർച്ചയായും അതിന്റെ ആകർഷണീയത വളരെ വലുതാണല്ലോ.

എന്നാൽ ഈ ലോകം യേശുവിനു ആകർഷകമായിരുന്നില്ല. ഈ ലോകത്തിൽ കഴിയുമ്പോഴും താൻ ഈ ലോകക്കാരനായിരുന്നില്ല (യോഹ. 17:14). ഈ ലോകത്തിന്റെ പ്രഭുവിനു തന്നിൽ ഒരു കാര്യവും ഉണ്ടായിരുന്നില്ല (യോഹ. 14:30). അവിടുത്തെ രാജ്യം ഐഹികമായിരുന്നില്ല (യോഹ. 18:36). അതുകൊണ്ടുതന്നെ യേശുവിന് 'ഇപ്പോഴത്തെ ഈ ലോകത്തിൽ നിന്നു നമ്മെ വിടുവിപ്പാൻ കഴിയുമെന്നു' അപ്പൊസ്തലനായ പൗലൊസ് ചൂണ്ടിക്കാണിക്കുന്നു (ഗലാ. 1:3).

യേശു ജീവിതത്തിലൂടെ കാട്ടിയ മാതൃക പിൻപറ്റി പൗലൊസും ഈ ലോകത്തെയും അതിന്റെ ഉന്നതികളെയും 'ചവറ്' (വിസർജനീയവസ്തു) എന്ന് എണ്ണി (ഫിലി. 3:11). കാരണം ഈ ലോകത്തിൽ ഉന്നതമായതൊക്കെയും ദൈവത്തിനു മുമ്പിൽ അറപ്പാണെന്നു' പൗലൊസിനു ബോധ്യം ഉണ്ടായിരുന്നു (ലൂക്കോ. 16:15). അതുകൊണ്ടുതന്നെ 'യിസ്രായേൽ ജാതിക്കാരൻ, ബെന്യാമിൻ ഗോത്രക്കാരൻ, എബ്രായരിൽ നിന്നു ജനിച്ച എബ്രായൻ' എന്നിങ്ങനെ മനുഷ്യരുടെ മുമ്പാകെ പുകഴ്ചയായത് ഒക്കെയും ദൈവത്തിന്റെ കണ്ണിൽ അറയ്ക്കത്തക്ക വിസർജനീയ വസ്തുവാണെന്നു മനസ്സിലാക്കി പൗലൊസും അതിനെ വെറും മലമെന്നു കണക്കാക്കി. താൻ ഉപേക്ഷിച്ചതിനെ ഒന്നും തിരിഞ്ഞുനോക്കാതെ പൂർണ്ണതയിലേക്ക് ആയുവാൻ പൗലൊസിനെ സഹായിച്ചത് ദൈവത്തിന്റെ കാഴ്ചപ്പാടിൽ താൻ ഈ ലോകത്തെ കണ്ടതാണ്. ആകർഷണീയതയുടെ എതിർധ്രുവം ആണ് അറപ്പ്. ലോകത്തെ സ്നേഹിക്കാതെയും ലോകത്തിലുള്ളതിനെ ആകർഷകമായി കാണാതെയും ഇരിക്കണമെങ്കിൽ ഇതിനെ ദൈവം കാണുന്നതുപോലെ വെറുപ്പിന്റെയും അറപ്പിന്റെയും എതിർകോണുകളിൽ നിന്നുകൊണ്ടു കാണുവാൻ നമുക്കു കഴിയണം.

ദൈവം വൃത്തികേടു കണ്ട് അറച്ചു വെറുപ്പോടെ മാറിപ്പോകാനുള്ള സാദ്ധ്യതയെക്കുറിച്ചു മുന്നറിയിപ്പു നൽകുന്ന ഒരു ഭാഗം പഴയനിയമത്തിലുണ്ട് (ആവർത്തനം 23:12-14).

നോക്കുക: അറപ്പുള്ളതു കണ്ടാൽ ദൈവം വെറുപ്പോടെ മാറിപ്പോകും. വെയിലാറിയപ്പോൾ ഏദെൻതോട്ടത്തിൽ നടക്കാനിറങ്ങിയ ദൈവം (ഉല്പ. 3:8) ഇന്നു നമ്മുടെ ജീവിതത്തിന്റെ പൂന്തോപ്പിൽ തീവ്രമായ ക്രിസ്തീയ പ്രവർത്തനങ്ങളുടെയും മെഗാ ക്രൂസേഡുകളുടെയും വെയിലാറിക്കഴിയുമ്പോൾ നടക്കാനിറങ്ങിയാൽ എന്താണു കാണുക? ഈ ലോകത്തിൽ മനുഷ്യരുടെ ഇടയിൽ ഉന്നതമായതും അതേ സമയം ദൈവദൃഷ്ടിയിൽ അറപ്പുള്ളതുമായ കാര്യങ്ങളാണോ അവിടെ അവിടുന്നു കാണുക?

ലോകമെന്നും ലൗകികമെന്നും പറയുമ്പോൾ ക്രിസ്തീയതയ്ക്കും സഭയ്ക്കും പുറത്തുള്ള കാര്യങ്ങളാണ് അവ എന്നാണ് പലപ്പോഴും നാം ചിന്തിച്ചു പോകുക. ഏ.ഡബ്ല്യു. ടോസർ എഴുതിയിട്ടുള്ളതുപോലെ ലോകം എന്നു കേൾക്കുമ്പോൾ മദ്യശാലയും ചൂതുകളിസ്ഥലവും മറ്റും മാത്രമാണ് പലരും ഓർക്കുക. എന്നാൽ ഇന്നു ക്രിസ്തീയസഭ എന്നു വിളിക്കുന്നതും ലോകത്തിന്റെ ഭാഗമായേക്കാം എന്നവർ ചിന്തിക്കുന്നില്ല. ഈ ലോകത്തിന്റെ മൂല്യങ്ങൾ തന്നെയാണ് ഇന്നു സഭയിലും മാനിക്കപ്പെടുന്നതെങ്കിൽ അതു സഭയല്ല, ലോകം തന്നെയാണെന്നു നാം തിരിച്ചറിയണം. ലോകത്തിലെ മനുഷ്യരുടെ ഇടയിൽ ഉന്നതമായതു പണം, കുടുംബശ്രേഷ്ഠത, കഴിവുകൾ തുടങ്ങിയവ ആണ്. സഭയിലും അതേ കാര്യങ്ങൾതന്നെയാണ് ഇന്നു വിലമതിക്കപ്പെടുന്നതെങ്കിൽ അതു ദൈവത്തിന്റെ സഭയല്ല (പേര് അങ്ങനെയാണെങ്കിലും) മറിച്ച് അത് ബാബിലോണാണ്. വ്യാജ ക്രിസ്തീയതയാണ്. വോട്ടു പിടുത്തവും മത്സരവും പണക്കൊഴുപ്പുമാണ് അവിടെ നാടമാടുന്നതെങ്കിൽ അതു കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയല്ല. മറിച്ച് അതു മഹാവേശ്യയായ മഹതിയാം ബാബിലോൺ ആണ്. എന്റെ ജനമായുള്ളോരേ, അവളുടെ പാപങ്ങളിൽ കൂട്ടാളികൾ ആകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയും ഇരിപ്പാൻ അവളെ വിട്ടു പോരുവിൻ (വെളി. 18:4).

ജോജി ടി. സാമുവൽ

വിശാലമായ കാഴ്ചപ്പാടോടുകൂടി വിവേകപൂർവ്വം

ജെ.പി. ദീപിക

ഒരിക്കൽ ഒരാൾ ഒരു സന്യാസിയുടെ സമീപം ഉപദേശം തേടിയെത്തി. തന്റെ ജീവിതത്തിലെ ദുഃഖങ്ങളും ദുരിതങ്ങളുമായിരുന്നു അയാളുടെ സംസാരവിഷയം. ശാരീരിക രോഗങ്ങൾ അയാളുടെ ദുഃഖത്തിന്റെ മറ്റൊരു കാരണമായിരുന്നു. വ്യക്തിബന്ധത്തിലെ പോരായ്മകളും അയാളെ മഥിച്ചിരുന്നു. അകാരണമായി ചിലർ ശത്രുക്കളായി മാറിയതും അയാളുടെ ഉറക്കം കെടുത്തിയിരുന്നു. ജീവിതത്തിലെ സാമ്പത്തിക പരാധീനതകളും അയാളെ വല്ലാതെ അലട്ടിയിരുന്നു. വിങ്ങുന്ന മനസോടെ അയാൾ വിവരിച്ച കാര്യങ്ങളെല്ലാം സന്യാസി സഹതാപപൂർവം കേട്ടിരുന്നു. അയാൾ പറഞ്ഞുനിർത്തിയപ്പോൾ സന്യാസി ചോദിച്ചു: "ഇനിയും എന്തെങ്കിലും പറയാനുണ്ടോ?" അപ്പോൾ അയാൾ പറഞ്ഞു: "പറഞ്ഞാൽ തീരാത്തതുപോലെയുള്ള വിഷമം എനിക്കുണ്ട്. അവയെല്ലാം വിവരിച്ച് അങ്ങയുടെ വിലയേറിയ സമയം കളയാൻ എനിക്കാഗ്രഹമില്ല.

ഉടനെ ഒരു പുഞ്ചിരിയോടെ സന്യാസി പറഞ്ഞു: "എല്ലാ മനുഷ്യർക്കും എന്തെങ്കിലും ദുഃഖങ്ങൾ ഉണ്ടാവാതിരിക്കില്ല. എന്നാൽ നാം അവയോടു എങ്ങനെ പ്രതികരിക്കുന്നു എന്നതാണു പ്രധാന കാര്യം." അപ്പോൾ അയാൾ ചോദിച്ചു:"ജീവിതത്തിലെ ദുഃഖങ്ങളോടു നാം എങ്ങനെയാണു പ്രതികരിക്കേണ്ടത്?" വേദന സ്ഫുരിക്കുന്ന സ്വരത്തിലുള്ള അയാളുടെ ചോദ്യം കേട്ടപ്പോൾ സന്യാസി പറഞ്ഞു: "നമ്മുടെ ജീവിതത്തിലെ പല ദുഃഖങ്ങളും ഒഴിവാക്കാനാവാത്തവയാണ്. ഏതെങ്കിലും കാരണത്താൽ നമ്മുടെ ജീവിതത്തിൽ ദുഃഖങ്ങൾ വീണ്ടും വീണ്ടും ഉണ്ടായിക്കൊണ്ടിരിക്കും. അപ്പോഴൊക്കെ നാം തളർന്നുപോകാതെ അവയെ നേരിടണമെങ്കിൽ വിശാലമായ കാഴ്ചപ്പാടോടുകൂടി വിവേകപൂർവം പ്രതികരിച്ചേ മതിയാകൂ." സന്യാസി പറഞ്ഞതിന്റെ പൊരുൾ മനസിലാക്കാതെ അയാൾ മിഴിച്ചിരിക്കുമ്പോൾ സന്യാസി പറഞ്ഞു: "വേഗം പോയി മേശയിലിരിക്കുന്ന കൂജയിൽനിന്ന് ഒരു ഗ്ലാസ് നിറയെ വെള്ളവും ഉപ്പുപാത്രത്തിൽ നിന്ന് ഒരു ടേബിൾ സ്പൂൺ ഉപ്പും കൊണ്ടുവരിക." അയാൾ അപ്രകാരം ചെയ്തു. ഉടനെ സന്യാസി പറഞ്ഞു: "ഉപ്പു ഗ്ലാസിലെ വെള്ളത്തിൽ കലക്കി കുടിക്കുക."

സന്യാസി പറഞ്ഞതുപോലെ അയാൾ ഉപ്പ് ഗ്ലാസിലിട്ടു വെള്ളത്തിൽ കലക്കിയതിനുശേഷം രുചിച്ചു നോക്കി. "ഭയങ്കര ഉപ്പ്! ഇതു കുടിക്കാൻ പറ്റില്ല." അയാൾ പറഞ്ഞു: ഉടനെ എഴുന്നേറ്റുകൊണ്ടു സന്യാസി പറഞ്ഞു: "ഗ്ലാസിലെ വെള്ളം കുടിക്കേണ്ട. വരൂ, നമുക്കു കിണറിന്റെ കരയിലേക്കു പോകാം. കൈയിൽ ഒരു ടേബിൾ സ്പൂൺ ഉപ്പും എടുത്തുകൊള്ളൂ. ഗ്ലാസിലിട്ട ഉപ്പോളം മാത്രമേ എടുക്കാവൂ."

സന്യാസി ആവശ്യപ്പെട്ടതുപോലെ ഒരു ടേബിൾ സ്പൂൺ ഉപ്പു കൈയിലെടുത്തു. അതിനുശേഷം അയാൾ സന്യാസിക്കൊപ്പം കിണറിന്റെ കരയിലെത്തി. "കൈയിലിരിക്കുന്ന ഉപ്പ് ഒരു ഗ്ലാസ് വെള്ളത്തിൽ കലക്കി കിണറ്റിലേക്ക് ഒഴിക്കൂ." അയാൾ അപ്രകാരം ചെയ്തു. ഉടനെ സന്യാസി പറഞ്ഞു: "ഇനി കിണറ്റിലെ വെള്ളം കോരി അതു കുടിച്ചു നോക്കൂ."

അയാൾ പെട്ടെന്നു കിണറ്റിൽനിന്നു വെള്ളം കോരി അതു കുടിച്ചു. അപ്പോൾ സന്യാസി ചോദിച്ചു: "വെള്ളത്തിനു ഉപ്പുരസമുണ്ടോ?" അല്പം അങ്കലാപ്പോടെ അയാൾ പറഞ്ഞു: "ഇല്ല, അല്പം പോലും ഉപ്പുരസം ഇല്ല." ഉടനെ സന്യാസി ചോദിച്ചു: "ഗ്ലാസിലിട്ട ഉപ്പിന്റെ അളവും കിണറ്റിലിട്ട ഉപ്പിന്റെ അളവും തുല്യമായിരുന്നില്ലേ?

"അതേ." അയാൾ പറഞ്ഞു: "അപ്പോൾപ്പിന്നെ എവിടെയാണു വ്യത്യാസം ഉണ്ടായത്?" അല്പനേരം ആലോചിച്ചശേഷം അയാൾ പറഞ്ഞു: "ഉപ്പിനെ സ്വീകരിച്ച വെള്ളത്തിന്റെ അളവിലാണു വ്യത്യാസം ഉണ്ടായത്." കാര്യങ്ങൾ അയാൾ മനസിലാക്കുന്നതിലുള്ള സന്തോഷത്തോടെ സന്യാസി പറഞ്ഞു:"ഒരു ഗ്ലാസ് പോലെ

ശേഷം പേജ് 8

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക

വേദാഭിമാനിയുടെ മറുപടി

വേദാഭിമാനിയുടെ അറിവിനേയും ആധികാരികതയേയും അംഗീകരിച്ചുകൊണ്ട് തുറന്ന മനസ്സോടെ ബഹുമാനത്തോടെ ചോദിക്കട്ടെ. അനുഗ്രഹം പ്രസംഗിക്കുന്ന ദൈവദാസന്മാരെ എന്തിനാണ് വിമർശിക്കുന്നത്? അവർ പ്രസംഗിക്കുന്നത് പാപമായ കാര്യങ്ങളല്ലല്ലോ. ശരീരത്തിനുവേണ്ടത് ശരീരത്തിനും ആത്മാവിന് വേണ്ടത് ആത്മാവിനും നൽകണം എന്ന കാര്യത്തിൽ തർക്കമില്ലല്ലോ. ആത്മാവിന് ശ്രേഷ്ഠമായത് ആഗ്രഹിക്കുന്നതുപോലെ ശരീരത്തിന് ശ്രേഷ്ഠമായത് ആഗ്രഹിക്കുന്നത് പാപമല്ല. ജീവപര്യന്തം സന്തോഷിക്കുന്നതും സുഖം അനുഭവിക്കുന്നതും അല്ലാതെ ഒരു നന്മയും മനുഷ്യർക്കില്ലായെന്ന് സഭാപ്രസംഗിതന്നെ പറഞ്ഞിട്ടുണ്ടല്ലോ.

-ഡോ. എബി കുര്യൻ, വെള്ളപ്പാറ,കോന്നി,പത്തനംതിട്ട

പുതിയ നിയമത്തിൽ പാപത്തിന് പൊതുവായി ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ ശ്രദ്ധിക്കുക.

1) 'hamartia' അതിന്റെ മൂലാർത്ഥം ലക്ഷ്യം തെറ്റുക (missing of the target'). ഇത് വെടിവയ്ക്കുന്നതിനോടനുബന്ധിച്ച് പറയുന്ന വാക്കാണ്. (shooting word) ലക്ഷ്യത്തിൽ പതിക്കുന്നതിൽ പരാജയപ്പെട്ടാൽ ഹമർത്യയാണ്. നാം എന്തായിരിക്കേണ്ടിയിരിക്കുന്നുവോ അതാകാതിരിക്കുന്നത് 'ഹമർത്യ' യാണ്. (sin is the failure to be what we might have been and could have been)

2) 'Parabasis' ഇതിന്റെ വാച്യാർത്ഥം മറികടക്കുക (stepping across) ശരിയും തെറ്റും തമ്മിൽ വേർതിരിച്ചിരിക്കുന്ന രേഖ മറികടക്കുന്നതാണ് പാപം (sin is the stepping across the line which is drawn between right and wrong)

3) 'Paraptoma' ഇതിന്റെ വാച്യാർത്ഥം തെന്നിപോവുക (slipping across) എന്നാണ്. മഞ്ഞുവീണ പാതയിൽ മനുഷ്യൻ തെന്നുന്നു. അതു മനഃപൂർവ്വമായതല്ല. സ്വയനിയന്ത്രണം കൈവിടുമ്പോൾ നാം തെന്നി പാപത്തിൽ വീഴുന്നു.

4) 'anomia' ഇതിന്റെ വാച്യാർത്ഥം നിയമലംഘനം (lawlessness) എന്നാണ്. മനുഷ്യൻ ശരിയായത് അറിയുന്നു. എന്നാൽ അവൻ തെറ്റു ചെയ്യുന്നു. നിയമം അവനറിയാം എന്നാൽ അവനതു ലംഘിക്കുന്നു. മനുഷ്യനിഷ്ടമായതെന്തും ചെയ്യുക എന്നത് അവന്റെ പ്രകൃതമാണ്. സ്വന്തമായ തന്ത്രം ഉപയോഗിക്കുന്നു. അതാണു സ്വതന്ത്രമെന്നു വിചാരിക്കുന്നു. ആയതിനാൽ ലംഘനങ്ങൾ ഉണ്ടാകുന്നു.

5) 'Opheilema' ഈ വാക്കാണ് കർത്തൃപ്രാർത്ഥനയിൽ ഉപയോഗിച്ചിരിക്കുന്നത്. ഇതിന്റെ അർത്ഥം കടം (debt) എന്നാണ്. അതിന്റെ ആശയം, കൊടുക്കാൻ കടപ്പെട്ടത് കൊടുക്കുന്നതിൽ പരാജയപ്പെടുക, ചുമതലയിൽ പരാജയപ്പെടുക എന്നാണ്.

മനുഷ്യജീവിതത്തിന്റെ പരമമായ ലക്ഷ്യം ദൈവത്തെ മഹത്വപ്പെടുത്തുകയും എക്കാലത്തും അവനെ ആനന്ദമായി ആസ്വദിക്കുകയും അവനിൽ വിലയം പ്രാപിക്കുകയും ചെയ്യുക എന്നതാണ്. ദൈവോദ്ദേശത്തിൽ നിന്ന് വ്യതിചലിപ്പിക്കുന്ന പാപം നമ്മെ ദൈവത്തോടുള്ള കൂട്ടായ്മയിൽ നിന്നകറ്റുന്നു. ക്രിസ്ത്യാനി എന്ന വാക്കിന്റെ അർത്ഥം ക്രിസ്തുവിനെ അനുഗമിക്കുന്നവൻ എന്നാണ്. എന്നാൽ ഇവിടെ അനുഗമിക്കുക എന്ന വാക്കിന്റെ അർത്ഥം കേവലം അനുകരിക്കുക എന്നുമാത്രമല്ല. അതിന്റെ മൗലികമായ അർത്ഥം 'ആയിരിക്കുക' എന്നാണ്. ക്രിസ്തുവിനോടുകൂടി ആയിരിക്കുന്ന അല്ലെങ്കിൽ അവനുമായുള്ള കൂട്ടായ്മയിലും സഖിത്വത്തിലും ആയിരിക്കുന്ന അവസ്ഥയിലാണ് അർത്ഥവത്തായി അനുഗമിക്കുവാൻ കഴിയുക. അങ്ങനെയുള്ള ഒരുവന് എങ്ങനെ ഭൗതികാനുഗ്രഹങ്ങളിൽ ശ്രദ്ധ വയ്ക്കാൻ കഴിയും. ഒരു മനുഷ്യന്, തന്റെ ശരീരം ഭൂമിയിൽ നിന്നും, ആത്മാവ് സ്വർഗ്ഗത്തിൽ നിന്നുമാണ് ലഭിക്കുന്നത്. അതുകൊണ്ട് ഒരു മനുഷ്യനിൽ സ്വർഗ്ഗവും ഭൂമിയും അന്തർഭവിച്ചിരിക്കുന്നു എന്നു പറയാം. നമ്മിലുള്ള ഭൗമികവും സ്വർഗ്ഗീയവുമായ സ്വഭാവങ്ങൾ തമ്മിൽ നിരന്തരമായ ഒരു പോരാട്ടം നടന്നുകൊണ്ടിരിക്കുന്നു. ഈ പോരാട്ടത്തിന്റെ അവസാനത്തിൽ ലക്ഷ്യത്തിൽ നിന്ന് വഴുതിപ്പോകുന്നു (Paraptoma) അതാണ് പാപം. നാം എന്താകേണ്ടിയിരിക്കുന്നുവോ അതാകാതിരിക്കുന്നത് പാപമാണ്. നിങ്ങൾക്കുവേണ്ടത് ദൈവം നൽകും. എന്നാൽ ദൈവം നൽകുന്നത് നിങ്ങൾക്ക് വേണ്ടത് മാത്രമായിരിക്കും. പഴയനിയമത്തിൽ ദൈവം തന്റെ ജനത്തെ വഴിനടത്തിയ യാത്രയുടെ വിധവും കർത്താവ് പഠിപ്പിച്ച പ്രാർത്ഥനയും ശ്ലീഹന്മാരുടെ ജീവിതവും പരിശോധിച്ചാൽ ദൈവത്തിന്റെ നടത്തിപ്പും അനുഗ്രഹവും എന്തെന്ന് വ്യക്തമാകും.

ലോകപ്രകാരം സമ്പത്തുവർദ്ധിപ്പിച്ച് അനുഗ്രഹം പ്രാപിക്കണമെങ്കിൽ ഒന്നുകിൽ സ്വദേശത്തോ, വിദേശത്തോ നല്ല ജോലി വേണം. അല്ലെങ്കിൽ ആദായമുള്ള ബിസിനസ് വേണം. അതും അല്ലെങ്കിൽ ലോട്ടറി അടിക്കണം. അല്ലെങ്കിൽ പഠിച്ച കള്ളനായിരിക്കണം. അനുഗ്രഹം പ്രസംഗിക്കുന്ന ദാസന്മാർ ഇതിൽ ഏതു വിഭാഗത്തിൽപ്പെടും?

24 വർഷമായി ഞാൻ ദൈവത്തെ സേവിക്കുന്നു. വിവിധങ്ങളായ മാധ്യമങ്ങളിലൂടെ സുവിശേഷം അറിയിക്കുന്നു. പക്ഷെ ഇന്നുവരെ ലോകപ്രകാരം യേശു മനുഷ്യനെ അനുഗ്രഹിക്കുന്നു എന്നു പറയാൻ തക്കതായ ഒരു അനുഭവവും എനിക്കുണ്ടായിട്ടില്ല. ജീവിക്കാനാവശ്യമായ സമ്പാദ്യവുമില്ല. സുഖിക്കാനും ആനന്ദിക്കാനുമുള്ള ഒരു വകയും എനിക്ക് ലഭിച്ചിട്ടില്ല. ഇന്നും സ്വന്തം കയ്യാൽ അദ്ധ്വാനിച്ചു ജീവിക്കുന്നു. എന്നാൽ ആവശ്യങ്ങളറിഞ്ഞ് അനുദിനം വഴി നടത്തുവാൻ ശക്തനായവനാണ് യേശു എന്ന് അനുഭവത്തിൽ നിന്ന് എനിക്ക് പറയുവാൻ കഴിയും. പ്രിയരെ വചനവ്യവസ്ഥയിൽ അടിയുറച്ചു നിൽക്കുന്ന ഒരുവനും ലോകപ്രകാരം സുഖിക്കുവാനും ആനന്ദിക്കുവാനും കഴിയുകയില്ല. എന്നാൽ ദൈവത്തെയും മനുഷ്യനേയും കബളിപ്പിക്കാൻ കഴിവുള്ള; ദൈവത്തെ മുൻനിർത്തി ലോകസുഖം ലക്ഷ്യവച്ച് ഇറങ്ങിതിരിച്ചവൻ അനുഗ്രഹം പ്രാപിക്കും. അങ്ങനെയുള്ള ദാസന്മാരാണ് ഇന്ന് ഭൂമിയിൽ എല്ലാ സുഖങ്ങളും അനുഭവിച്ച് ഉല്ലാസത്തോടെ ജീവിതം ആസ്വദിക്കുന്നത്. എല്ലാ സുഖത്തിന്റെയും സന്തോഷത്തിന്റെയും പര്യവസാനം എന്തായിരിക്കുമെന്ന് അതനുഭവിച്ചവൻ തന്നെ പറയുന്നുണ്ട് (സഭാ. പ്ര. 11:9). ന്യായവിസ്താരത്തിലേക്ക് വരുത്തുന്ന പാപത്തെക്കുറിച്ച് നാം ബോധവാന്മാരാകേണ്ടതുണ്ട്. ദൈവത്തെ മഹത്വപ്പെടുത്തി അവനിൽ വിശ്വസിച്ചും ആശ്രയിച്ചും, നിത്യത ലക്ഷ്യം വച്ച് യാത്ര ചെയ്യേണ്ട നാം ഭൗതികതയിലേക്ക് കണ്ണുനട്ട് യാത്ര ചെയ്താൽ ഒരിക്കലും ലക്ഷ്യത്തിൽ ചെന്നെത്തുകയില്ല. താഴേക്ക് നോക്കിക്കൊണ്ട് മുകളിലേക്ക് കയറുവാൻ ആർക്കു സാധിക്കും? രണ്ടു ദിശയിലേക്ക് ഒരേസമയം യാത്ര ചെയ്യാൻ ആർക്കു സാധിക്കും? രണ്ടു കയ്യുണ്ടെന്നുവച്ച് ഒരേസമയം രണ്ടുപ്രവർത്തികൾ ചെയ്ത് വിജയിപ്പിക്കുവാൻ സാധിക്കുമോ? രണ്ടു കാലുണ്ടെന്നുവച്ച് ഇഷ്ടമുള്ള രണ്ടു സ്ഥലത്തേക്ക് യാത്ര ചെയ്യുവാൻ കഴിയുമോ? ഏക ലക്ഷ്യത്തിൽ ഏകാഗ്രതയോടെ ഏകോപിച്ചുള്ള പ്രവർത്തനം മാത്രമേ വിജയിക്കുകയുള്ളു. ദൈവത്തേയും മാമോനെയും ഒരുപോലെ സേവിപ്പാൻ കഴിയുകയില്ലായെന്നും ലോകസ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നുവെന്നും ഇരുമനസുള്ളവനെ ദൈവം വെറുക്കുന്നുവെന്നും വചനത്തിൽ വായിക്കുമ്പോൾ അതിൽ നിന്ന് നാം എന്താണ് മനസിലാക്കേണ്ടത്. ഭൂമിയിൽ ധനവാനായും സ്വർഗ്ഗത്തിൽ ലാസറായും ജീവിയ്ക്കാമെന്ന വ്യാമോഹത്തിൽ ഇനിയും നാം ജീവിതം മുന്നോട്ടു കൊണ്ടുപോകരുത്. ലക്ഷ്യം എന്ത്? യാത്ര എങ്ങോട്ട്. ആത്മീയവും ഭൗതികവുമായ വിരുദ്ധ ദിശകളിലേക്ക് യാത്ര ചെയ്ത് വീണുപോകാതിരിപ്പാൻ ദൈവവചനം ധ്യാനിപ്പിൻ.

ഇക്കാലത്ത് അന്തിക്രിസ്തുവിനെക്കുറിച്ച് ധാരാളമായി പറഞ്ഞുകേൾക്കുന്നു. എന്നാൽ വേദപുസ്തകത്തിൽ ഉടനീളം പരിശോധിച്ചിട്ട് രണ്ടായിരം വർഷങ്ങൾക്കുശേഷം പ്രത്യക്ഷപ്പെടാനിരിക്കുന്ന ഒരു അന്തിക്രിസ്തുവിനെ എനിക്ക് കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. പൗലോസ് അധർമ്മ മൂർത്തിയെക്കുറിച്ച് (2 തെസ്സ. 2:3-10) പറയുന്നു. യോഹന്നാനാകട്ടെ എതിർക്രിസ്തുക്കളെക്കുറിച്ച് പറയുന്നു (1 യോഹ. 2:1). പൗലോസ് വർത്തമാനകാല ഭാഷ അനുസരിച്ചാണ് എഴിതിയിരിക്കുന്നതെന്നും അത് അപോകാലിപ്റ്റിക് ആണെന്നും മറന്നാണ് വേദപണ്ഡിതന്മാർ മണ്ടത്തരങ്ങൾ തട്ടിമൂളിയ്ക്കുന്നത്. ഒന്നാം നൂറ്റാണ്ടിൽ ബാധകമായ കാര്യങ്ങളല്ലേ പൗലോസും യോഹന്നാനും ചൂണ്ടിക്കാണിക്കുന്നത്.

-പാസ്റ്റർ പോൾ രാജ്, ഒറ്റയ്ക്കൽ, തെന്മല, പുനലൂർ

മനുഷ്യരുടെ ഊഹങ്ങൾ മാറ്റിനിർത്തിയാൽ, "എതിർക്രിസ്തുവിനെ" കുറിച്ച് ("ദ ആന്റിക്രൈസ്റ്റ്) നമുക്ക് അറിയാവുന്നതെല്ലാം 1ഉം 2ഉം യോഹന്നാനിലാണുള്ളത്. സ്ഥലവും സമയവും പരിമിതമാണ്, എങ്കിലും ചുരുങ്ങിയത് യോഹന്നാന്റെ ലേഖനത്തിൽ ഉള്ള "എതിർക്രിസ്തുവിനെ" കുറിച്ച് ചുരുക്കമായി നമുക്ക് നോക്കാം.

"കുഞ്ഞുങ്ങളേ ഇത് അന്ത്യനാഴിക ആകുന്നു; എതിർക്രിസ്തു വരുന്നു എന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഇപ്പോൾ അനേകം എതിർക്രിസ്തുക്കൾ എഴുന്നേറ്റിരിക്കയാൽ അന്ത്യനാഴിക ആകുന്നു എന്ന് നമുക്ക് അറിയാം" (1 യോഹ. 2:18). "ആന്റിക്രൈസ്റ്റ്" എന്നത് സംയുക്ത ഗ്രീക്ക് വാക്കാണ്, അതിനെ ക്രിസ്റ്റോസ് ("ദ അനോയിന്റെഡ് വൺ") എന്ന സുപരിചിതമായ ഗ്രീക്ക് പ്രിപോസിഷൻ ആന്റി ("എഗെൻസ്റ്റ്") എന്ന വാക്കുമായിട്ടാണ് യോജിപ്പിച്ചിരിക്കുന്നത്. ആ വാക്കിന്, "ഒന്നുകിൽ ക്രിസ്തുവിന് എതിരായി എന്നോ അല്ലെങ്കിൽ, ക്രിസ്തുവിന് പകരം എന്നോ അർത്ഥം വരാം. അല്ലെങ്കിൽ അത് രണ്ടും വരാം." യോഹന്നാന്റെ ലേഖനത്തിൽ എതിർക്രിസ്തു" എന്നതിന്റെ മുഖ്യ ആശയം ക്രിസ്തുവിന്റെ എതിര് എന്നാണ്. കിംവദന്തികൾ എന്തായിരുന്നാലും ശരി, തെറ്റായ ആശയങ്ങളെ യോഹന്നാൻ ഉടനെ തിരുത്തി. "ഇപ്പോൾ തന്നെ", "അനേകം എതിർക്രിസ്തുക്കൾ എഴുന്നേറ്റിരിക്കയാൽ" (വാ. 18). "ഭാവിയിൽ രണ്ടായിരം വർഷങ്ങൾക്ക് ശേഷം ഒരു എതിർക്രിസ്തു വരും" എന്നല്ല അവൻ പറഞ്ഞത്, പിന്നെയോ ആ "അനേകം എതിർക്രിസ്തുക്കൾ അപ്പോൾ തന്നെ എഴുന്നേറ്റിരുന്നു" എന്നാണ്.

അതേ അദ്ധ്യായം വാക്യം 22-ൽ, ആ എതിർക്രിസ്തുക്കൾ ആരായിരുന്നു എന്ന് യോഹന്നാൻ വിശദമാക്കിയിരിക്കുന്നു: "യേശു" "ക്രിസ്തുവാണെന്നത്" നിഷേധിക്കുന്നവനല്ലാതെ ആരാകുന്നു കള്ളൻ? പിതാവിനേയും പുത്രനേയും നിഷേധിക്കുന്നവൻ തന്നെ എതിർക്രിസ്തു."

ഡെഫനിറ്റ് ആർട്ടിക്കിളിനു ("ദ") ശേഷം ഏകവചനമാണ് യോഹന്നാൻ ഉപയോഗിച്ചത്. "യേശു ക്രിസ്തു ആണെന്നത്" നിഷേധിക്കുന്ന ആരായാലും അയാൾ "എതിർക്രിസ്തു" ആണ്. യോഹന്നാൻ "എതിർക്രിസ്തുവിനെ" ക്കുറിച്ച് വീണ്ടും ഊന്നിപ്പറയുന്നുണ്ട്: "യേശുവിനെ സ്വീകരിക്കാത്ത യാതൊരാത്മാവും ദൈവത്തിൽനിന്നുള്ളതല്ല, അത് എതിർക്രിസ്തുവിന്റെ ആത്മാവ് തന്നെ. അത് വരും എന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. അത് ഇപ്പോൾ തന്നെ ലോകത്തിൽ ഉണ്ട്". "എതിർക്രിസ്തു" വരുമെന്ന് അപ്പൊസ്തലൻ തന്റെ വായനക്കാരോട് പറയുകയും, ആ അശുദ്ധാത്മാവ് വന്നു കഴിഞ്ഞു എന്നും പറഞ്ഞിരിക്കുന്നു. യേശു ക്രിസ്തുവിനെ ജഡത്തിൽ വന്നു എന്ന് സ്വീകരിക്കാത്ത വഞ്ചകന്മാർ പലരും ലോകത്തിലേക്ക് പുറപ്പെട്ടിരിക്കുന്നുവല്ലോ. വഞ്ചകനും എതിർക്രിസ്തുവും ഇങ്ങനെയുള്ളവനാകുന്നു (2 യോഹ. 7).

തുടരും

This is The Word of God
I Believe It!

VEDABHIMANI

Annual Subscription Rs. 100/-

RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2012-14

2013 AUGUST

തട്ടിപ്പുകാരുടെ പറുദീസയായി കേരളം മാറുകയാണ്. സ്വന്തം സാമർഥ്യത്തിൽ ആവശ്യത്തിലേറെ ഊറ്റം കൊള്ളുന്ന മലയാളിയെ ഏതു തട്ടിപ്പിലും നിഷ്പ്രയാസം കുരുക്കാനാകുമെന്നു കൂടുതൽ വ്യക്തമായിക്കൊണ്ടിരിക്കുന്നു. പണ്ടത്തേക്കാൾ കൂടുതലായി മലയാളി തട്ടിപ്പിൽപ്പെടുന്നതിന്റെ കഥകൾ പുറത്തുവരുമ്പോൾ മലയാളിയുടെ വീരസ്യങ്ങളുടെ പൊള്ളത്തരമാണു തെളിയുന്നത്. തട്ടിപ്പുകാർക്കു മുന്നിൽ വാതിൽ മലർക്കെ തുറന്നിടുന്നതു മലയാളിയുടെ അതിമോഹങ്ങളാണെന്നതാണു സത്യം. പെട്ടെന്നു പണമുണ്ടാക്കാൻ, അധ്വാനിക്കാതെ ആഢംബരപൂർവം ജീവിക്കാനുള്ള മോഹം. മനഃസാക്ഷിക്കുത്തില്ലാതെ ആരെയും കബളിപ്പിക്കാൻ, പല മലയാളികൾക്കും കഴിയുമെന്നുവന്നിരിക്കുന്നു. വിരുതരായ മലയാളികളെ കബളിപ്പിക്കുന്നതു കൂടുതലും അതിവിരുതരായ മലയാളികൾതന്നെ. ഇന്നിപ്പോൾ ന്യൂ ജനറേഷൻ തട്ടിപ്പുകളാണ് അരങ്ങേറുന്നത്. കോട്ടും സ്യൂട്ടുമിട്ടു തട്ടിപ്പിനായി അത്യാധുനിക സംവിധാനങ്ങളോടെ ഓഫീസ് തുറന്നിരിക്കുകയാണു തട്ടിപ്പുവീരന്മാർ. ഇതിലെ നായക കഥാപാത്രങ്ങൾ പലരും സമൂഹത്തിലെ ഉന്നതരുമായി അടുപ്പമുള്ളവരോ അഥവാ ദൈവത്തിന്റെ അടുത്ത ആൾക്കാരോ ആണെന്ന നാട്യത്തിൽ ജനങ്ങളുടെ വിശ്വാസം ആർജിച്ചു തട്ടിപ്പു നടത്തുന്നവരോ ആണ്. അതുകൊണ്ടുതന്നെ ഇത്തരം തട്ടിപ്പുകാരുടെ പിടിയിൽ പെടാതിരിക്കാൻ ഏറെ ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. സമ്പത്തിനോടും ആഡംബരങ്ങളോടുമുള്ള അത്യാർത്തിയാണു പലരെയും തട്ടിപ്പുകളിൽ കുടുക്കുന്നത്. ദൈവവിശ്വാസവും മതവിശ്വാസവുമൊക്കെ തട്ടിപ്പിനുള്ള അനന്തസാധ്യകളായി കണ്ടെത്തിയിട്ടുള്ള കേമന്മാർ ഇന്നാട്ടിലുണ്ട്. മലയാളിയുടെ സ്വഭാവത്തിലും സംസ്കാരത്തിലും വന്നുഭവിച്ചിട്ടുള്ള മാറ്റം പുതിയ തട്ടിപ്പുകൾക്കു സാധ്യത വർധിപ്പിച്ചു. ഇത്രയധികം വിദേശപ്പണവും ബിസിനസ് ലാഭവുമൊന്നും കേരളത്തിൽ കുമിഞ്ഞുകൂടാതിരുന്ന കാലത്തും ഇവിടെ തട്ടിപ്പുകൾ നടന്നിരുന്നു. വലിയ വിദ്യാഭ്യാസമൊന്നും സിദ്ധിച്ചിട്ടില്ലാത്ത അന്നത്തെ സാധാരണക്കാർക്കു വലിയ തട്ടിപ്പുകളിൽനിന്നും വിട്ടുനിൽക്കാനുള്ള സാമാന്യബോധം ഉണ്ടായിരുന്നു. ഇന്ന് അറിവും ലോകപരിചയവും കൂടുതലുള്ള മലയാളിയാണു വിവരക്കേടിന്റെ പര്യായമായി തട്ടിപ്പിന്റെ ഇരകളാകുന്നത്. ഇത്തരം തട്ടിപ്പുകളിൽ ഇനിയെങ്കിലും ഇരകളാകാതിരിക്കാൻ മലയാളിക്കാവുമോ? ആകണമെങ്കിൽ മലയാളിയുടെ ആർത്തി കുറഞ്ഞേ തീരു. എന്തും സാധിച്ചെടുക്കാൻ കഴിവുണ്ടെന്നു വരുത്തിത്തീർത്ത് സമൂഹത്തിൽ നിശബ്ദ കൊള്ളയടി നടത്തുന്ന ചാതുരിയും വാചാലതയും പ്രകടിപ്പിക്കുന്നവർ ധാരാളമായുള്ള നാടാണിത്. ഇനിയും ഇക്കൂട്ടരെ മനസലാക്കാൻ തയാറാകുന്നില്ലെങ്കിൽ കഷ്ടമെന്നേ പറയാനാവൂ.

പൗലോ ഫ്രെയറുടെ ചിന്തകൾക്ക് ആധാരമായിട്ടുള്ള ഒരു സങ്കല്പമാണ് 'സബ്ജക്റ്റ്-ഓബ്ജക്റ്റ്.' മനുഷ്യന്റെ വിളി സബ്ജക്റ്റാകാനാണ്. ജീൻപോൾ സാർത്രിൽ നിന്നു കടമെടുത്ത ഒരു സങ്കല്പമാണിത്.

ബൈബിളിൽ ദൈവം ഭൂമിയെ സൃഷ്ടിച്ചശേഷം പ്രപഞ്ചത്തിലെ സകല യാഥാർത്ഥ്യങ്ങൾക്കും പേരിടാൻ ഏല്പിച്ചതു മനുഷ്യനെയാണ്. സൃഷ്ടിക്കാമെങ്കിൽ പേരും ഇടാമായിരുന്നു ദൈവത്തിന്. പേരിടാൻ മനഷ്യനെ ഏല്പിക്കുക വഴി ദൈവം മനുഷ്യനെ ഭൂമിയുടെ സബ്ജക്റ്റാക്കുകയായിരുന്നു. (നാഥനാക്കുകയായിരുന്നു). പേരിടാനുള്ള വാക്കും ദൈവം തന്നെ കൊടുത്തതാണ്. വാക്ക് ദൈവത്തിന്റേതാണ്. മനുഷ്യനു ദൈവത്തിൽനിന്നു ലഭിച്ച ഏറ്റവും മഹത്വപൂർണമായ സമ്മാനമാണു വാക്ക്. ദൈവം നൽകിയ വാക്കുപയോഗിച്ച് മനുഷ്യൻ സകലത്തിനും പേരിട്ടു. അതുവഴി മനുഷ്യൻ സകലത്തിനും മേൽ അധികാരമുള്ളവനായിത്തീർന്നു.

എന്നാൽ ഭൂമിയുടെ നാഥനാകുന്നതിനു പകരം ഭൂമി കടിമപ്പെട്ടതാണു മനുഷ്യൻ ചെയ്ത ഏറ്റവും വലിയ തെറ്റ്. ലോകം എന്നത് ഒരു പ്രദേശമോ, ജനതതിയോ, ഭൗതികമായി കാണാവുന്ന എന്തെങ്കിലുമോ അല്ല. മറിച്ച് അതൊരു വ്യവസ്ഥാപിതമായ സമ്പ്രദായമാണ്. ഈ ലോകവ്യവസ്ഥയുടെ തലവനാകട്ടെ, ദൈവത്തിന്റെ ശത്രുവായ സാത്താനും.

തന്റെ മുഴുവൻ കഴിവും ഉപയോഗിച്ച് ഈ ലോകത്തെ പുഷ്ടിപ്പെടുത്തുവാനും ആകർഷണീയമാക്കി നിലനിർത്തുവാനുമാണു സാത്താന്റെ ശ്രമം. എന്തിനുവേണ്ടി? മനുഷ്യരെ തന്നിലേക്ക് അടുപ്പിക്കുവാനും തന്നോടുള്ള അവരുടെ കൂറ് നിലർത്തുവാനും വേണ്ടിയാണത്. അവന് ഒരു ലക്ഷ്യമേയുള്ളു-ലോകം അതിന്റെ അന്ത്യത്തിലേക്ക് അടുക്കുംതോറും അവൻ തന്റെ പ്രവർത്തനം തീവ്രമാക്കുന്നു. ദൈവമക്കളെ ഈ ലോകജീവിതാനുഗ്രങ്ങളിലേക്ക് ആകർഷിച്ചാൽ സ്വഭാവികമായും അവർ ദൈവത്തിൽ നിന്ന് അകലും എന്ന് സാത്താന് നന്നായി അറിയാം. അതിന് അവൻ ദൈവദാസന്മാരെ തന്നെ കരുവാക്കി ജനത്തെ വഞ്ചിക്കുന്നു.

വിശാലമായ കാഴ്ചപ്പാടോടുകൂടി വിവേകപൂർവ്വം

(പേജ് 6 തുടർച്ച)

ആകാതിരിക്കു. അതിനുപകരം ഒരു കിണർ പോലെയാകൂ. നമ്മുടെ ജീവിതത്തിലെ ദുഃഖങ്ങൾ ഒരു ടേബിൾസ്പൂൺ നിറയെ ഉപ്പുപോലെയാണെന്നു വിഭാവനം ചെയ്യുക. ആ ഉപ്പ് ഒരു ഗ്ലാസിലെ വെള്ളത്തിലാണു നാം സ്വീകരിക്കുന്നതെങ്കിൽ അതു പാനം ചെയ്യുവാൻ നമുക്കാവില്ല. എന്നാൽ കിണറിലെ വെള്ളത്തിൽ എന്നപോലെയാണു നാം സ്വീകരിക്കുന്നതെങ്കിൽ തീർച്ചയായും അതു നമുക്ക് ഉൾക്കൊള്ളാനാകും."

സന്യാസി പറഞ്ഞതു യാഥാർത്ഥ്യമല്ലേ? ജീവിതത്തെക്കുറിച്ചുള്ള നമ്മുടെ വീക്ഷണം എങ്ങനെയായിരിക്കുന്നുവോ അതിനനുസരിച്ചായിരിക്കും നമ്മുടെ ദുഃഖങ്ങളെയും നാം വീക്ഷിക്കുക. സുഖവും സന്തോഷവും മാത്രമാണു ജീവിതം എന്നു നാം കരുതിയാൽ ഒരു ഗ്ലാസ് ജലവും അതിൽ കലക്കിയ ഉപ്പും പോലെയാകും നമ്മുടെ ജീവിതവും. അപ്പോൾ ജീവിതത്തിലെ ഒരു ദുഃഖവും നമുക്ക് ഉൾക്കൊള്ളാൻ സാധിക്കാതെ വരും.

എന്നാൽ, സുഖത്തോടൊപ്പം ദുഃഖത്തിലും ജീവിതത്തിൽ സ്ഥാനമുണ്ടെന്നു നാം കരുതുക. അപ്പോൾ ദുഃഖത്തിന്റെ കാര്യത്തിൽ തീർച്ചയായും വ്യത്യാസം സംഭവിക്കും. അതുപോലെതന്നെ, നമ്മുടെ ജീവിതത്തിലെ ദുഃഖദുരിതങ്ങളെ ദൈവത്തിന്റെ പരിപാലനയുടെ പശ്ചാത്തലത്തിൽ നോക്കിക്കാണാൻ നമുക്കു സാധിക്കുമെന്നും കരുതുക. അപ്പോൾ നമ്മുടെ ജീവിതദുഃഖങ്ങളുടെ തീവ്രത വീണ്ടും കുറയും. അതായത്, നമ്മുടെ ജീവിതദുഃഖങ്ങളെ നോക്കിക്കാണുന്ന രീതിവഴിയും അവയെ നാം അഭിമുഖീകരിക്കുന്ന പ്രവർത്തനശൈലിവഴിയും നമ്മുടെ ദുഃഖങ്ങളുടെ വേദന കുറയ്ക്കാൻ സാധിക്കും. ദൈവത്തിലുള്ള ആശ്രയം നമ്മെ സമാധാനത്തിലേക്കും സന്തോഷത്തിലേക്കും വഴിനടത്തുമെന്ന് സാരം.

☺ഭൗതികാനുഗ്രഹങ്ങൾ പ്രസംഗിക്കുന്നവർ ദൈവത്തേയും ദൈവീകാനുഗ്രഹങ്ങളെയും കാണാതെ പോകുന്നതെന്തുകൊണ്ട്.
ജോമോൻ കുരിശിങ്കൽ,വടകര,നീർപ്പാറ,എറണാകുളം

☹**പുറംമോടിയിൽ ആകൃഷ്ടരായവർ അകകാമ്പ് കാണില്ല.**

☺സ്ത്രീ പ്രസംഗകർ പിന്നെയെന്തു ചെയ്യണമെന്നാ നിങ്ങൾ പറയുന്നത്.
മേഴ്സി ഫിലിപ്പ്, ഉദയഗിരി,എടമൺ,പുനലൂർ

☹**കാമറായൊക്കെ പിടിപ്പിച്ച് ജീവിതം സുതാര്യമാക്കിയാൽ അവർക്കുകൊള്ളാം.**

☺എന്റെ സുഹൃത്തിന് വേദാഭിമാനി വായനയിൽ വല്ലാത്ത ചൊറിച്ചിൽ അനുഭവപ്പെടുന്നു.
പാസ്റ്റർ ബേബി തോമസ്, ഓലിക്കര,കാഞ്ഞവള്ളി, കൊല്ലം

☹**മരുന്ന് അകത്ത് പ്രവർത്തിയ്ക്കാൻ തുടങ്ങിയാൽ ചൊറിയും ചിരങ്ങും താനെ പുറത്തുവരും. ചൊറിച്ചിലിനൊപ്പം വായന തുടർന്നാൽ രോഗം മാറും**

☺ പണ്ട് അപ്പോസ്തലനെ പാമ്പു കടിച്ചതുപോലെ ഇന്നത്തെ അപ്പോസ്തലന്മാരെ കടിച്ചാൽ....
വിമല വിൽസൻ, പുളിമുട്ടം, കൊറ്റമ്പള്ളി, തിരുവനന്തപുരം

☹**വിഷം കയറി പാമ്പ് പഞ്ചറാകും**

☺ ജൂലൈ10 ചെളിദിനമായി അമേരിക്കക്കാർ ആചരിക്കുന്നു. ഇവിടെ അതില്ലാത്തതെന്തേ.
പി.ജി. സാമുവേൽ,പരിയാരം,അഞ്ചേരി,കോട്ടയം

☹**ആണ്ടു മുഴുവനും നമ്മൾ ചെളിയ്ക്കകത്ത് കിടന്ന് ആചരിക്കുകയല്ലല്ലോ ആഘോഷിക്കുകയല്ലേ.**

☺യേശു ക്രൂശിൽ നമുക്കായി തകർക്കപ്പെട്ടുവെന്ന് ഒരു സാഹിത്യകാരനെ എങ്ങനെ പറഞ്ഞു മനസ്സിലാക്കും.
സാലി ചെറിയാൻ, അച്ചൻകോവിൽ,പിറവത്തൂർ, കൊല്ലം

☹ **സത്യമായ സ്നേഹം നിനക്കായി മണ്ണിന്റെ മാറിൽ വീണുടഞ്ഞു.**

☺വലിയ വീടും ധനവും സ്ഥാനമാനങ്ങളും ആഗ്രഹിച്ച് പ്രാർത്ഥിച്ചാൽ ദൈവം നൽകുമോ.
പി.എം.കോശി, എരിക്കാട്,പുതുപ്പള്ളി,കോട്ടയം

☹ **ഉപ്പിലിട്ടതു പോരെ. കടലുതന്നെ വേണോ.**

Printed, Published and owned by Titus Karthikappally, Punnoothara, Kerala 690 516.
Printed at St. Paul's Offset Mavelikara. Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Karthikappally